REGD. No. M. 4374.

മാപ്പിള റിവ്യൂ

the MAPPILLA REVIEW

VOL 5 | JANUARY 1946 | No. 7



Printed by K. A. KRISHNAN at the Empire Press, Calicut, Edited & Published by K. ABUBAKR.

Keeps the skin Fresh

കേരള വേപ്പ് സോപ്പ്

ചർമ്മശുദ്ധിക്കത്യുത്തമം

ഹൃദ്യമായ പരിമളം

Kerala

VEP SOAP

KERALA SOAP INSTITUTE, CALICUT.

മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിന്റെ ശബ്ദാർത്ഥസൌകുമാര്യം കളിയാടുന്ന പുതിയവിവർത്തനം. ഇതിന്റെ അവതാരികയിൽ ശ്രീമാൻ പി. ശങ്കരൻ നമ്പ്യാർ, എം. എ. എഴുതുന്നു: "വാസനാനുഗൃഹീതനും കവിധർമ്മ മർമ്മജ്ഞനുമായ ഒരു കേരളീയ സഹൃദയവര്യന്റെ വിശദമനോമുകുരത്തിൽ നിഴലെടുത്തുയർന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിന്റെ പ്രതിഭയാകുന്ന മഴവില്ല് നെടുനീളം ഒളിവീശി അത്യാകർഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദം എന്നതിനു പകരം 'മേഘച്ഛായ' എന്ന് ഇതിനു നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോടു ഏററവും യോജിച്ചുപോയിട്ടുള്ള ഒരു തർജ്ജമയാണിതെന്ന് ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്". പി. വി. കൃഷ്ണൻ നായർ, B. O. L, അവർകളുടെ വ്യാഖ്യാനത്തോടുകൂടി —

വില ഒരു ഉറുപ്പിക മാത്രം.

THE DECCAN PUBLISHING HOUSE,
HUZUR ROAD, CALICUT.

Contents

		Pages.
1.	Sociology of Islam—V. Abdul Qayyoom	1
2.	Factors that help memorising—O. M. Nambiar B. A. L. T.	4
3.	Death of a friend. (Short Story)—P. A. mohammed Koya	6
4.	Agony of the soul. (Poem)—P. Kunhi Raman Nair	9
5.	Secunderabad—Verghese Kalathil M. A.	10
6.	Industrial Exhibition in Hyderabad	12
7.	Mathematical Puzzles—Lokavaloki	14
8.	Shintoism in Japan—M. P.	15
9.	The Gold—P. K. KunhiMohammed	18
10.	Java's Struggle for Independence	20
11.	Hazrath Aboobucker—M. U. M. Unnykkammad	22
	Children's column	
12.	Hindu-Muslim Unity—Mrs. P. K. Varier	26
13.	Notes.	29

ഏതുതരം അച്ചടിപ്രവൃത്തികളും, ബുക്ക് ബൈണ്ടിങ്ങും മിതമായ നിരക്കിൽ ഭംഗിയായും വൃത്തിയായും കൃത്യസമയത്ത് ചെയ്തുകൊടുക്കും.

അധികവിവരങ്ങൾക്ക് അന്വേഷിക്കുക:—

എമ്പയർ പ്രസ്സ്,

ബേങ്ക് റോഡ്,

കോഴിക്കോട്.



തെക്കുകിഴക്കൻ ഏഷ്യയിലെ സഖ്യസുപ്രീംകമാണ്ടർ ലൂയിമൌണ്ട്ബാററൻ (വലതുഭാഗം) സിങ്കപ്പൂരിൽ തൻെറ പുതിയ തലസ്ഥാനത്ത്. മദ്ധ്യത്തിൽ കാണുന്നതു സർ കീത്ത്പാർക്കും ഇടതുവശം ലെഫ്: ജന: ബ്രൌണിങ്ങുമാണ്.

മാപ്പിള റവ്യൂ

പുസ്തകം 5.	1946 ജനവരി	ലക്കം 7.

ഇസ്ലാംമതവും സാമുദായിക നിയമങ്ങളും

വി. അബ്ദുൽഖയ്യൂം

IX

സാമൂഹ്യജീവിതത്തിൽ സാധുക്കളും ധനവാന്മാരും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് ഇനി നമുക്കു ചർച്ചചെയ്യാനുള്ളതു്. ഇന്നത്തെ പ്രശ്നങ്ങളിൽ അതിപ്രധാനവും എന്നാൽ കുഴപ്പമേറിയതുമായ ഒന്നാണു ഇതെന്നുള്ളതു് പ്രത്യക്ഷമാണല്ലോ. ഇക്കാര്യത്തിൽ ഇസ്ലാംമതം നിർദ്ദേശിക്കുന്ന പദ്ധതിയെ ചുരുക്കമായി താഴെ വിവരിക്കാം.

ഇസ്ലാമികാദർശപ്രകാരം അഖില പ്രപഞ്ചവും, അതായതു് ആകാശഭൂമികളിലുള്ള സകല ചരാചരങ്ങളും മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. അവയെല്ലാം എല്ലാ മനുഷ്യർക്കും ഒരുപോലെ അവകാശപ്പെട്ടതുമാകുന്നു. എന്നാൽ മനുഷ്യനു ജീവിതകാര്യത്തിൽ മത്സരിക്കുവാനുള്ള മാർഗ്ഗവും സാദ്ധ്യതയും ദൈവം നൽകുകയും അങ്ങനെയുള്ള മത്സരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഗുണം സമ്പാദിക്കുന്നതിൽ നിങ്ങൾ മത്സരിച്ചു പ്രവർത്തിക്കുക (2,148) എന്നാണ് വി. ഖുർആൻ പറയുന്നതു്.

എന്നാൽ പലപ്പോഴും മനുഷ്യശ്രമത്തിന്റെ ഫലം വ്യത്യസ്തനിലയിലായെന്നുവരാം. അതുകൊണ്ടു് പരാജിതർ വിജയികളുടെ മേൽ അസൂയപ്പെടാൻ പാടുള്ളതല്ല. നിങ്ങളിൽനിന്നു ചിലരെക്കാൾ ചിലർക്കു മേന്മ നൽകിയതുകൊണ്ടു നിങ്ങൾ പൊറുതികേടു കാണിക്കരുതു (4,32) എന്നു ഖുർആൻ പറയുന്നു. പ്രപഞ്ചത്തിന്റെ വളർച്ചയ്ക്കു ഈ വ്യത്യാസം അനുപേക്ഷണീയമാണെന്നാണു ഇസ്ലാം സിദ്ധാന്തിക്കുന്നതു്. ബുദ്ധിയും തന്റേടവും ചെലുത്തി അദ്ധ്വാനിക്കുന്നവർക്കു ഒരിക്കലും പ്രതിഫലം ലഭിക്കാതിരിക്കുകയാണെങ്കിൽ ജീവിതകാര്യങ്ങളിലുള്ള മത്സരവും അതിനെത്തുടർന്നു ലോകാഭിവൃദ്ധിയും നിലച്ചുപോകുന്നതാണല്ലോ.

അതിനാൽ സ്വപരിശ്രമത്താൽ മേന്മനേടുന്ന വ്യക്തികളുടെ അവകാശത്തെ ഇസ്ലാം വകവെച്ചുകൊടുക്കുന്നു. എന്നാൽ അതേ സമയത്തു് പിന്നിട്ടുനില്ക്കുന്ന തന്റെ സഹോദരങ്ങളെ മുന്നോട്ടു കൊണ്ടുവരേണ്ട ബാദ്ധ്യത ഇസ്ലാം അവനിൽ ചുമത്തുന്നുണ്ടു്. അവന്റെ സമ്പാദ്യത്തിൽനിന്നു ഒരോഹരി സാധുക്കളുടെ സംരക്ഷണത്തിന്നായി ചെലവുചെയ്യാൻ അവൻ നിർബ്ബന്ധിതനാണ്. "ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ള ധനത്തിൽനിന്നു (ഒരോഹരി) സാധുക്കൾക്കും കൊടുത്തുകൊള്ളുക" (സൂറന്നൂർ) എന്നു ഖുർആൻ കല്പിക്കുന്നു. അതായതു്, ധനവാന്മാരുടെ സ്വത്തിന്നു സാധുക്കളും അവകാശികളാണെന്നു ഇസ്ലാം സിദ്ധാന്തിക്കുന്നു.

ജീവിതത്തിൽ മത്സരിക്കുകയും ധനം സമ്പാദിക്കുകയും ചെയ്യുന്നതു് ഇസ്ലാം പ്രോ

ത്സാഹിപ്പിക്കുന്നുണ്ടെങ്കിലും വ്യക്തികളുടെ സമ്പാദ്യത്തിന്നു സാധുക്കളെയും അതു അവകാശികളാക്കിത്തീർത്തിരിക്കുന്നു ഖുർആൻ പറയുകയാണു:-"ധനവാന്മാരുടെ സമ്പാദ്യത്തിന്നു യാചകന്മാൎക്കും യാചിക്കാൻ കഴിയാത്തവൎക്കും അവകാശമുണ്ടു്." (41,19) മറ്റൊരിടത്തു അതു പറയുന്നു:--"നിങ്ങളുടെ ബന്ധുക്കൾക്കും വഴിയാത്രക്കാൎക്കും നിങ്ങൾ ദാനധൎമ്മങ്ങൾ ചെയ്തുകൊൾക" (30,38)

ധനം വിതരണം ചെയ്തുകൊണ്ടിരിക്കുന്നതിനെ ഇസ്ലാം പ്രോത്സാഹിപ്പിക്കുകയും പൂഴ്ത്തിവെക്കുന്നതിനെ കഠിനമായി വിരോധിക്കുകയും ചെയ്തിരിക്കുന്നു. ധനം വ്യയം ചെയ്യുകയോ അല്ലെങ്കിൽ തൊഴിലുകളിൽ വിനിയോഗിക്കുകയോ ചെയ്യേണ്ടതാണെന്നാണു് അതു നിൎദ്ദേശിക്കുന്നതു്. ധനം പൂഴ്ത്തിവെക്കുന്നവരെപ്പറ്റി വി. ഖുർആൻ പറയുന്നു:—"അല്ലാഹു അനുഗ്രഹമായി നൽകിയ ധനം പൂഴ്ത്തിവെച്ചു പിശുക്കു കാണിക്കുകയും മറ്റുള്ളവരോടു അപ്രകാരം ചെയ്യാൻ ഉപദേശിക്കുകയും ചെയ്യുന്ന അഹംഭാവികളും കൊള്ളരുതാത്തവരുമായ ജനങ്ങളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അവന്റെ കല്പന ലംഘിക്കുന്നവൎക്കു നിശ്ചയമായും കഠിനമായ ശിക്ഷ ലഭിക്കുന്നതാണ്'." (4,36-37)

വ്യക്തികളുടെ സമ്പാദ്യങ്ങൾ മുഴുവനും അവരുടെ സ്വന്തം ആവശ്യത്തിന്നായി ഉപയോഗിക്കുന്നതിനെയും ഇസ്ലാം വിരോധിച്ചിരിക്കുന്നു. ഭക്ഷണത്തിലും വസ്ത്രധാരണത്തിലും മറ്റും അമിതവ്യയം ചെയ്യരുതെന്നാണ് അതു കല്പിക്കുന്നതു്. ആഡംബരരഹിതമായ ജീവിതത്തെ അതു കൂടുതലായി ഇഷ്ടപ്പെടുന്നു. ഇസ്ലാംമതത്തിന്റെ കല്പനപ്രകാരം ജീവിതം നയിക്കുന്ന ഒരുവന്നു അവന്റെ സമ്പാദ്യങ്ങൾ മുഴുവൻ സ്വന്തം ആവശ്യത്തിന്നായി വിനിയോഗിപ്പാൻ സാദ്ധ്യമാകയില്ല.

ധനം പൂഴ്ത്തിവെക്കുന്നതു ഇസ്ലാംമതം വിരോധിച്ചിരിക്കയാണല്ലോ. എന്നാൽ മറ്റുള്ളവരുടെ അവകാശത്തിന്നു ഹാനികരമായ നിലയിൽ പൂഴ്ത്തിവെക്കുന്ന ആളുകൾ ഏതു കാലത്തും ഉണ്ടായെന്നു വരാം. അതിനെ തടയാനായി ഇസ്ലാംമതം എല്ലാത്തരം കെട്ടിയിരിപ്പുധനങ്ങളിന്മേലും രണ്ടരശതമാനം സക്കാത്ത് നികുതി ചുമത്തിയിരിക്കുന്നു. ഈ നികുതി മുഴുവനും സാധുസംരക്ഷണമാൎഗ്ഗത്തിൽ ചെലവുചെയ്യാനാണു കല്പിക്കപ്പെട്ടിരിക്കുന്നതു. സക്കാത്തിനെപ്പറ്റി നബി തിരുമേനി പറയുകയാണ്:—"സക്കാത്തു് അല്ലാഹു നിൎബ്ബന്ധമാക്കിയിരിക്കുന്നു. അതു ധനവാന്മാരിൽനിന്നു പിരിച്ചു സാധുക്കൾക്കു നൽകേണ്ടതാണു്." സക്കാത്തു ആദായത്തിന്മേൽ മാത്രം ചുമത്തപ്പെടുന്ന ഒരു നികുതിയല്ല. മറിച്ചു ആദായത്തിന്മേലും മൂലധനത്തിന്മേലുംകൂടി ചുമത്തപ്പെടുന്ന നികുതിയാകുന്നു. ചില സന്ദൎഭങ്ങളിൽ മുതലാളിമാരുടെ ആദായത്തിന്റെ 50 ശതമാനത്തോളം അതു വരുന്നതുമാണു്.

എല്ലാ ധനങ്ങളിന്മേലും ആദായങ്ങളിന്മേലും ഒരേതരത്തിലുള്ള സക്കാത്തു നികുതിയല്ല ഇസ്ലാം ചുമത്തിയിട്ടുള്ളതു. അതിപ്രയത്നംകൂടാതെ ലഭിക്കുന്ന വിളയിന്മേൽ പത്തുശതമാനവും ഖനനദ്രവ്യങ്ങളിന്മേൽ ഇരുപതുശതമാനവും സക്കാത്തു ചുമത്തപ്പെട്ടിരിക്കുന്നു അതിനാൽ മുതലാളിമാരും തൊഴിലാളികളും അഥവാ ധനവാന്മാരും സാധുക്കളും തമ്മിലുള്ള വമ്പിച്ച അകൽച്ച ഇല്ലാതാക്കുന്നതിന്നു ഇസ്ലാമിലെ സക്കാത്തു ഏറ്റവും പ്രായോഗികമായ ഒരുപദ്ധതിയാണു.

സാധുസംരക്ഷണത്തിന്നു സക്കാത്തുമാത്രംകൊണ്ടു ഇസ്ലാംമതം തൃപ്തിയടയുന്നില്ല. സക്കാത്തു നിൎബ്ബന്ധനികുതിയായി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്നേയുള്ളൂ. അതിന്നു പുറമെ "സദഖ" എന്ന ഐച്ഛികധൎമ്മദാന

വും ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ചില സന്ദർഭങ്ങളിൽ മുസ്ലിംകൾ തങ്ങളുടെ മുഴുവൻ സമ്പാദ്യവും സ്വച്ഛാനുസരണം ദാനംചെയ്തിട്ടുള്ളതായി ചരിത്രംകൊണ്ടു തെളിയുന്നുണ്ടു. സാധുക്കളുടെ രക്ഷക്കും അഭിവൃദ്ധിക്കുമായി ഇസ്ലാം നിർദ്ദേശിച്ചിട്ടുള്ള ഈ ഏർപ്പാടിനെ അതിശയിക്കുന്ന മറെറാരേർപ്പാടു ലോകത്തു ഇതുവരെ ഉണ്ടായിട്ടില്ലെന്നു നിസ്സംശയം പറയാവുന്നതാണ്.

ഏതാനും ചില വ്യക്തികളുടെ മാത്രം കൈയിലായി ധനം ഒരുമിച്ചു കൂടുന്നതു തടയാനുള്ള കരുതലേർപ്പാടുകളും ഇസ്ലാം ചെയ്തിട്ടുണ്ട്. ഒന്നാമത്തു മററു മതത്തിലും കാണാൻ കഴിയാത്ത തരത്തിൽ വിപുലമായ ദായക്രമം ഏർപ്പെടുത്തിക്കൊണ്ടു ധനവിതരണത്തെ അതു ത്വരിതപ്പെടുത്തുന്നു. ഒരുവൻെറ മരണത്തോടുകൂടി, അവൻ സമ്പാദിച്ചു മുഴുവൻ സ്വത്തുക്കളും ഭാര്യ, മക്കൾ, പിതാവു, മാതാവു എന്നിങ്ങനെ പലരിൽ പല തോതിലായി വീതിക്കപ്പെട്ടുപോകുന്നു. ആ സ്വത്തു ലഭിക്കുന്നവർ മരിക്കുമ്പോഴത്തെ സ്ഥിതിയും ഇതുതന്നെയാണ്. ചുരുക്കിപ്പറകയാണെങ്കിൽ ഒരു തറവാട്ടുസ്വത്തോ കുടുംബസ്വത്തോ ഒരാളുടെയോ ഒരു പരമ്പരാവകാശിയുടെയോ കൈയിലായി ഉറച്ചുനില്പാൻ ഇസ്ലാം അനുവദിക്കുന്നില്ല.

ധനം ഒരിടത്തു ശേഖരം കൂടുന്നതു സാദ്ധ്യമല്ലാതാകുവാനായി ഇസ്ലാം നിശ്ചയിച്ചിട്ടുള്ള മറെറാരേർപ്പാടു പലിശനിരോധമാകുന്നു. പലിശനിരോധം ലോകത്തു മുഴുവൻ നടപ്പാക്കുകയാണെങ്കിൽ കൂട്ടുകച്ചവടങ്ങളും കൂട്ടുവ്യവസായങ്ങളും അഭിവൃദ്ധിപ്പെടുന്നതാണ്. അങ്ങനെയുള്ള കൂട്ടുതൊഴിലുകളിൽ ഏററവും താഴെക്കിടയിലുള്ള വ്യക്തികൾക്കുപോലും ഭാഗഭാക്കാകുവാൻ സാധിക്കുമെന്നതിനാൽ അവർക്കു ഉയരുവാനും വളരുവാനും അതുകൊണ്ടു സന്ദർഭമുണ്ടാകുന്നു. ഇന്നു ലോകത്തു തൊഴിലാളിവർഗ്ഗത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന മുതലാളിവർഗ്ഗത്തിൻെറ കുത്തകാധികാരത്തിന്നു അറുതിവരുത്താൻ ഇതിലുപരി പ്രായോഗികമായ ഒരു പദ്ധതി കണ്ടെത്താൻ സാധിക്കുന്നതല്ല.

വാസ്തവം പറകയാണെങ്കിൽ പലിശ മാനവസമുദായത്തിൻെറ രക്തം വാററുന്ന ഒരേർപ്പാടാണ്. താഴെക്കിടയിലുള്ളവരും മദ്ധ്യനിലയിലുള്ളവരുമാണ് അതുകൊണ്ടുള്ള ദോഷം കൂടുതലായി അനുഭവിക്കുന്നതെങ്കിലും ബൂർഷ്വാസികളും അതിൻെറ വിപത്തിൽനിന്നു രക്ഷപ്പെട്ടവരല്ല. പലിശയേർപ്പാടുകൊണ്ട് താല്ക്കാലികമായ ഒരു ശാന്തിയും സുഖവും ലഭിക്കുന്നുണ്ടെങ്കിൽ, പരുപരുത്ത പാറമേൽ സ്വന്തം നാവുരച്ചു രക്തംകുടിക്കുന്ന നരിക്കുണ്ടാവുന്ന സുഖവും സംതൃപ്തിയും പോലുള്ളതാണ് അത്. കാലക്രമത്തിൽ രക്തശൂന്യനായി അവൻ ചത്തുപോകേണ്ടിവരുകതന്നെ ചെയ്യും.

സമ്പൽവിതരണകാര്യത്തിൽ തൃപ്തികരമായ ഒരു പദ്ധതി ഏർപ്പെടുത്താൻ കഴിയാതെ വിഷമിക്കുന്ന ലോകം ഇസ്ലാമിക സമ്പൽനിയമത്തെക്കുറിച്ചു ഒരു പരിശോധന നടത്തുന്നതു നന്നായിരിക്കുമെന്നാണു തോന്നുന്നത്.

ഗ്രഹണത്തിന്നു സാഹായ്യമായ ചില സംഗതികൾ

കെ. എം. നമ്പ്യാർ ബി. എ., എൽ. ടി,

പഠിക്കുന്ന സംഗതികൾ ഓർമ്മവെയ്ക്കേണ്ടതാണെന്നും ആവശ്യമുള്ളപ്പോൾ അവ ഓർമ്മിക്കേണ്ടതാണെന്നും ഉള്ള വസ്തുതയെപ്പററി ഭിന്നാഭിപ്രായത്തിന്നവകാശമില്ല. ഈ സിദ്ധാന്തത്തെ മുൻനിർത്തി തന്നെയാണ് വിദ്യാഭ്യാസവിഷയത്തിൽ, നീതിവചനങ്ങൾ, മഹാന്മാരുടെ സാരവത്തായ ചൊല്ലുകൾ, കവിതകൾ മുതലായവ ഹൃദിസ്ഥമാക്കാനുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രാചീന വിദ്യാഭ്യാസരീതിയുമായി തുലനം ചെയ്തുനോക്കുമ്പോൾ, ഇതിന്നായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾമാത്രം ഇന്നത്തേതിൽനിന്ന് വ്യത്യസ്തങ്ങളായി കാണാം. നവീനപഠനസമ്പ്രദായങ്ങളാകട്ടെ മിക്കവാറും മനശ്ശാസ്ത്രതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയുമാണ്.

മാനസിക പ്രവർത്തനത്തിന്റെ ഫലമായി ഇന്ദ്രിയദ്വാരാ ആർജ്ജിക്കുന്ന സങ്കല്പങ്ങളെ (Ideas) ഗ്രഹിക്കുകയും, അവയെ സുപ്രതിഷ്ഠിതങ്ങളാക്കുകയും, ആവശ്യമുള്ളപ്പോൾ, ഉത്ഥാനം ചെയ്യിക്കുകയും ചെയ്യുന്ന മാനസികവ്യാപാരമാണല്ലോ, മനശ്ശാസ്ത്രത്തിൽ "സ്മൃതി" (Memory) എന്നു പരിച്ഛേദിക്കപ്പെട്ടിരിക്കുന്നത്. സ്മൃതിയുടെ ഘടകങ്ങളായ ഗ്രഹണം, ധാരണം, സ്മരണം ഇവ മൂന്നും അന്യോന്യം ബന്ധപ്പെട്ടുകൊണ്ടുതന്നെയിരിക്കുന്നു.

മറെറല്ലാ മാനസികവ്യാപാരങ്ങളെപ്പോലെ സ്മൃതിവ്യാപാരത്തിന്നാസ്പദമായ സിരാഘടനയുടെ വ്യത്യാസമനുസരിച്ച് "സ്മൃതി"ക്കും വ്യത്യാസങ്ങളുണ്ടായിരിക്കും. ഈ സ്ഥിതി നോക്കുമ്പോൾ "സ്മൃതിശക്തി" ജന്മസിദ്ധമായ ഒരു ഗുണവിശേഷത്തെയാണ് കുറിക്കുന്നത്. അതുപോലെ സ്മൃതിയുടെ നിയാമകങ്ങളിലൊന്നായ "ധാരണാശക്തി" (Power of retention) ആരോഗ്യം, ബ്രഹ്മചര്യം, യോഗസിദ്ധി, മുതലായവയുടെ സഹായംകൊണ്ട് വർദ്ധിപ്പിക്കാമെങ്കിലും, അത്തരം അനുകൂലാവസ്ഥകൾ, സാധാരണക്കാർക്ക് എളുപ്പത്തിൽ സ്വകീയങ്ങളാക്കുവാൻ സാധിക്കാത്ത നിലയിൽ ഏറെക്കുറെ ആദർശത്ത പട്ടികയിൽ ചേർക്കേണ്ടതും അസാധാരണ വ്യക്തികളുടെ കുത്തകയുമായി കരുതേണ്ടതുമാണ്. എന്നാൽ സ്മൃതിയുടെ മറെറാരു നിയാമകമായ "സങ്കല്പങ്ങളുടെ എണ്ണവും ക്രമീകരണവും" മുഴുവൻ മനുഷ്യപ്രവർത്തനത്തിന്റെ ഫലമാകയാൽ, അതിനെയാണ് വിദ്യാഭ്യാസവിഷയത്തിൽ ഉപയോഗപ്രദമാക്കേണ്ടത്.

സ്മൃതിയുടെ മന്ദബന്ധം സ്മരണത്തിന്റെ വേഗതയനുസരിച്ചിരിക്കും. എന്തും വേഗത്തിൽ ഓർമ്മിക്കുന്ന ഒരാളെപ്പററി, ഇയാൾക്കു നല്ല ഓർമ്മശക്തി (സ്മൃതിശക്തി)യാണ് എന്നു നാം സാധാരണമായി പറഞ്ഞുവരാറുണ്ടല്ലോ! അതുതന്നെയാണ് നമ്മുടെ നിത്യജീവിതത്തിലുള്ള പ്രായോഗികവിലയും. സ്മരണം ക്ഷിപ്രസാദ്ധ്യമാകേണമെങ്കിൽ ഗ്രഹിക്കുന്ന സങ്കല്പങ്ങളുടെ സംബന്ധം ക്രമീകൃതവും സുദൃഢവുമായിരിക്കണം. അതിനാൽ നമുക്കു സ്വതസ്സിദ്ധമായ ധാരണാശക്തിക്കു പുറമെ, ഈ ബന്ധവൈചിത്ര്യം സ്മരണത്തിന്നാവശ്യമാകയാൽ അവയുടെ ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു സ്മൃതിയുടേയും ഉൽക്കർഷം എന്നു മൊത്തമായി പറയാം.

സ്മരണയെ എളുപ്പത്തിൽ ഉത്ഥാനംചെയ്യുവാൻ അഭിനവത്വം (Recency), ആവർത്തനം (Frequency), വൈശദ്യം (Vividness) സങ്കല്പങ്ങളുടെ ബന്ധം (Association of ideas) ഇവകളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിലും, ബോധാഭ്യസനത്തിൽ ഏററവും പ്രധാനപ്പെട്ടത് ഒടുവിൽ പറഞ്ഞ "അനുഭവങ്ങളുടെ ബന്ധം" ആണ്. അതിനാൽ ഹൃദിസ്ഥമാക്കാനുള്ള ഏതുതരം പ്രയത്നവും സങ്കല്പസംബന്ധങ്ങളുടെ പ്രവർത്തനത്തിന്നനുസരിച്ചിരിക്കണം എന്നതു വ്യക്തം. ഈ പ്രവർത്തനമാകട്ടെ സ്മൃതിയുടെ ആദ്യഘടകമായ "ഗ്രഹണ"ത്തിലാണ് സ്ഥിതിചെയ്യുന്നത്. സങ്കല്പങ്ങൾ ബന്ധിക്കുന്നത് സാമ്യനിയമം (Law of similarity) യൌഗപദ്യനിയമം (Law of contiguity) കാര്യകാരണബന്ധം (causality) ഇവയെ ആശ്രയിച്ചാകയാൽ അത്തരം നിയമങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതികൾ ഗ്രഹണത്തിൽ അദ്ധ്യാപകന്മാർ സ്വീകരിക്കേണ്ടതാണ്.

മനഃപാഠമാക്കിക്കൊണ്ടാണല്ലോ നാം സാധാരണമായി ഓർമ്മവെപ്പിക്കുവാൻ ചെയ്യുന്ന പ്രവൃത്തി. ഈ ഹൃദിസ്ഥമാക്കുന്ന ക്രിയ അർത്ഥബോധത്തോടുകൂടിയും, അല്ലാതെയുമാവാം. ഇതിൽ ബന്ധവൈചിത്ര്യത്തിന്നനുകൂലമായ ഗ്രഹണം അർത്ഥബോധത്തോടുകൂടിയു

ള്ളതാണ്. ഈ പദ്ധതിപ്രകാരം ഗ്രഹണത്തിന്നെളുപ്പവും കൂടും. എന്നാൽ കാലാന്തരത്തിലുള്ള ഉപയോഗങ്ങളെ അസ്പഷ്ടമാക്കി, സ്മൃതിശക്തി തീക്ഷ്ണമായിരിക്കുന്ന ചെറുപ്പകാലത്തു, ചില സംഗതികൾ അർത്ഥമറിയാതെതന്നെ ഹൃദിസ്ഥമാക്കേണ്ടതായി വരും. അമരകോശം, സിദ്ധരൂപം മുതലായവ ഈ ഇനത്തിൽപെട്ടവയാണ്. എങ്കിലും ചെറിയക്ലാസ്സുകളിലെ അദ്ധ്യാപകന്മാർപോലും ഗുണനകോഷ്ഠം മുതലായവ മനപ്പാഠമാക്കിക്കുമ്പോൾ, കഴിയുന്നതും കാര്യകാരണബന്ധത്തിന്മേൽ കെട്ടിപ്പിടിച്ചു ഗ്രഹിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.

കൃത്രിമങ്ങളായ സ്മൃതിസഹായികൾ (Mnemonics) ഓർമ്മയെ സഹായിക്കുമെങ്കിലും അവ വലുതും, എളുപ്പമല്ലാത്തതും അകന്നപക്ഷം വിഷയപ്രമേയകമായില്ലെന്നുമാത്രമല്ല, കൂടുതൽ ദോഷകരമായും പരിണമിക്കും.

ഒരു കവിത മനപ്പാഠമാക്കുന്നതിലും പല വഴികൾ സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാലയത്തിൽ എത്തിയഉടനെ ഒരു നിശ്ചിതഭാഗം ഇരുന്നു മനപ്പാഠമാക്കിക്കൊടുക്കുന്നതുവരെ തന്റെ നിഷ്കൃഷ്ടവും, നിഷ്ഠുരവുമായ ശാസനയെ പിൻവലിക്കാത്ത അദ്ധ്യാപകന്മാർ ഇന്നും നമ്മുടെ വിദ്യാലയങ്ങളിൽ ദുർല്ലഭമല്ല. അങ്ങിനെ അധികംനേരം ഉരുവിട്ട് ഗ്രഹിച്ചത് പിറ്റേദിവസംതന്നെ മറന്നിട്ടുള്ളതായും നമുക്കനുഭവമുണ്ട്. ഇടവിട്ടുള്ള ഗ്രഹണമാണ് (spaced learning) ഈ കാര്യത്തിൽ വിജയം നേടീട്ടുള്ളത്. പതിനഞ്ചുപ്രാവശ്യം ഉരുവിട്ട ഒരൊറ്റദിവസത്തിൽ പഠിക്കുന്ന ഒരു കാര്യം ഓരോപ്രാവശ്യമായി പതിനഞ്ചു ദിവസം പാരായണം ചെയ്യുന്നതായാൽ അത്തരം ഗ്രഹണം ദൃഢമൂലവും, സ്മരണം ക്ഷിപ്രസാദ്ധ്യവുമായിരിക്കും.

ഒരു പദ്യം മനപ്പാഠമാക്കുന്നതിൽ ആലോചിക്കേണ്ട മറ്റൊരു പ്രശ്നം, പദ്യം ഖണ്ഡശ: പഠിക്കേണമോ, അതോ, മുഴുവൻ ഒന്നായി ഗ്രഹിക്കേണമോ, എന്നുള്ളതാണ്. അനുഭവത്തെ ആസ്പദമാക്കി വിദഗ്ദ്ധന്മാർ ഏകകണ്ഠേന തീരുമാനിച്ചിട്ടുള്ളത് കുറേശ്ശ പഠിക്കുന്നതിനേക്കാൾ, മുഴുവൻ ഒന്നായി പഠിക്കുന്നതാണ് ഉത്തമമെന്നത്രെ. സങ്കല്പങ്ങളുടെ സംബന്ധമാണ് ഇവിടെയും ശാസ്ത്രനിദാനം. എന്നാൽ കാര്യം വളരെ ദീർഘിച്ചുപോകുന്നപക്ഷം ആശയത്തേയും, അർത്ഥത്തേയും ആധാരമാക്കി പഠിക്കാനുള്ള സംഗതിയെ ന്യായമായ ഭാഗങ്ങളാക്കിത്തിരിക്കുന്നതും യുക്തിപൂർവ്വംതന്നെ. ഉദാഹരണമായി ശ്ലോകരൂപത്തിലുള്ള ഒരു കവിതയെ എടുക്കാം. ഇവിടെ ആശയസമ്പൂർണ്ണങ്ങളായ നന്നാലുവരിശ്ലോകങ്ങൾ വെവ്വേറെ മനപ്പാഠമാക്കുന്നത് ആശാസ്യമാണ്. എന്നാൽ ഒരു ശ്ലോകത്തിലുള്ള ഓരോവരിയും വെവ്വേറെ മനപ്പാഠമാക്കി ശ്ലോകം മുഴുമിക്കുന്നതു ശരിയല്ല. അതുപോലെ യുഗ്മകം, യമകം മുതലായഘട്ടങ്ങളിൽ. ആ ശ്ലോകങ്ങൾ മുഴുവൻ ഒന്നായിട്ടു മനപ്പാഠമാക്കേണ്ടതും ഒറ്റൊറ്റശ്ലോകമായി ഉരുവിടാൻ പാടില്ലാത്തതുമാകുന്നു.

ഗ്രഹണത്തിന്നനുകൂലമായ മറ്റൊരു സംഗതി പാരായണത്തിന്റെ വേഗതയാണ്. ഹൃദിസ്ഥമാക്കാനുള്ളവരികൾ എത്രകണ്ടു വേഗത്തിൽ ഒരുവൻ വായിക്കുന്നുവോ, അത്രയും എളുപ്പം ഗ്രഹണത്തിന്നും കൂടും. സങ്കല്പങ്ങളുടെ നിരങ്കുശമായ ബന്ധമാണ് ഇതിനുള്ള കാരണം; സാവധാനമായി വായിക്കുമ്പോൾ കുഴഞ്ഞുപോകുമെന്നുള്ളതും സ്മരണീയമാണ്. എന്നാൽ പണിപ്പെട്ട് അർത്ഥമറിയാതെ വേഗതയെ ത്വരിതപ്പെടുത്തുവാനും പാടുള്ളതല്ല.

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST

For almost anything & everything up-to-date in PIEGE GOODS and FANCY ARTICLES.

Prices Defy competition.

കോഴിക്കോട്

'ബാദ്ഷാസ്റ്റോർസ്സിൽ'

എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.

S. H. BADSHA SAHEB & CO.,
HUZUR ROAD,
CALICUT.

സുഹൃത്തിന്റെ ചരമം

പി. എ. മുഹമ്മദ്കോയ

ആ ശവസംസ്കാരം നടന്നുകൊണ്ടിരിക്കെ എന്റെ ശിരസ്സു കുനിഞ്ഞു. ശവം കുഴിയിലേക്കു താഴ്ത്തപ്പെട്ടതോടെ ഹൃദയം ദുഃഖത്തിന്റെ അഗാധതയിലേക്കാണ്ടു. കണ്ണുകൾ ബാഷ്പകലുഷങ്ങളായി. മാറിടം നിശ്വാസനങ്ങൾകൊണ്ടു ത്രസിക്കുന്നുണ്ടായിരുന്നു. മഴത്തുള്ളികളേറ്റ കണ്ണാടിയെന്നപോലെ അശ്രുപൂർണ്ണങ്ങളായിരുന്ന നയനങ്ങളോടെ ഞാൻ ആ ശവക്കുഴിയിലേക്കു നോക്കി. അതു മണ്ണുകൊണ്ടു മൂടപ്പെട്ടു കഴിഞ്ഞിരുന്നതു അവ്യക്തമായി കാണായി. ഇരുതലയ്ക്കും ഓരോ കല്ലുമാത്രം ഉയർന്നുനിന്നു. നടുക്ക ഒരു ചെറു ചെടിയും.

ആ ജീവിതാദ്ധ്യായം അങ്ങിനെ അവസാനിച്ചു. എന്റെ ആത്മസുഹൃത്തു—റസ്സാക്ക്! അവനുമായുള്ള ബാഹ്യബന്ധം എന്നെന്നേക്കും അവസാനിച്ചുകഴിഞ്ഞു. ആ നീണ്ട ബന്ധത്തിനു ഒരു പൂർണ്ണവിരാമമെന്നപോലെ ഒരു തുള്ളി കണ്ണുനീർ ആ ശവകല്ലറയിൽ അടർന്നുവീണു! സ്നേഹമസൃണമായ ഈ ഹൃദയത്തിനു ആ സുഹൃൽബന്ധത്തിന്റെ മുമ്പിലർപ്പിക്കുവാനുണ്ടായിരുന്ന അന്തിമോപഹാരമായിരുന്നു അതു. “സുഹൃത്തേ! വിദൂരമല്ലാത്ത ഒരു ദിവസം ഞാനും നിന്നെ അനുഗമിക്കും. നിന്റെ ശവസംസ്കാരത്തിനായികൂടിയ ഈ സമസ്തജനങ്ങളും” എന്റെ ഹൃദയം പറയുകയാണ്.

ഞാൻ ചിന്തിക്കുകയാണ്:

മരണം—ജീവിതത്തിന്റെ പൂർണ്ണതയാണതു്. ക്ലേശഭാരംകൊണ്ടു വീർപ്പുമുട്ടുന്ന ഒരാൾക്കു അതു നിർവൃതിയാണ്. ആനന്ദപൂർണ്ണമായ ജീവിതത്തിനു അതൊരു സീമയാണ്. ശാരീരികമായി ഒരുവൻ അതിനപ്പുറം ക്ലേശിച്ചുകൂടാ; ആനന്ദിച്ചുംകൂടാ.

ശവസംസ്കാരം കഴിഞ്ഞു എല്ലാവരും പിരിഞ്ഞു.

അന്നു രാത്രി ഞാൻ ഉറങ്ങാൻ കിടക്കുകയാണ്. ഉറക്കം വരുന്നില്ല. ചിന്തകൾ എന്നെ അലട്ടുന്നുണ്ട്. “എന്റെ ആത്മസുഹൃത്ത്—അവനെവിടെ കിടക്കുന്നു? ഞാനെവിടെ? എന്തൊരന്തരം! ഇതാണു ജീവിതം” എന്റെ ആത്മഗതമാണു. എന്റെ ശരീരം വിയർക്കുന്നു. ആ നീണ്ട സുഹൃൽബന്ധത്തിലെ പല രംഗങ്ങളും എന്റെ ഉൾക്കളത്തിൽ വന്നണിനിരക്കുന്നു.

ഞാൻ ഓർക്കുകയാണ്,

ഏഴു വർഷങ്ങൾക്കു മുമ്പാണതു. ഞാൻ അന്നൊരു വിദ്യാർത്ഥിയാണ്. ഭാസുരമായ ഒരു ഭാവി സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നകാലം. ഒരെഴുത്തുകാരനാവണം—അതാണെന്റെ അഭിലാഷം. സാഹിത്യസോപാനത്തിലേക്കങ്ങിനെ ഉയർന്നുയർന്നു പോകുന്നു; മധുരഭാവനം എന്റെ മനസ്സിനെ തഴുകാറുണ്ട്. ഞാൻ അന്നു പലതും എഴുതിക്കൂട്ടും. അതെല്ലാം പ്രസിദ്ധപ്പെടുത്തികാണണമെന്ന ഒരാഗ്രഹം. കൂടെ എന്റെ പേരും അടിച്ചുകാണണം! അങ്ങനെ എഴുതിയുണ്ടാക്കുന്ന ലേഖനങ്ങളും പേറി ഞാൻ ആ ‘അ—’ പത്രമാപ്പീസിൽ ചെല്ലും.

വെളുത്തു നെടുതായി മെലിഞ്ഞു പൊടിപ്പൻമീശയോടുകൂടിയ ഒരു യുവാവ്. ആ പത്രമാപ്പീസിലെ മുറിയിലിരിക്കുന്നതു കാണാം. അയാൾ അവിടുത്തെ സഹപത്രാധിപരായ അബ്ദുർറസ്സാക്കാണ്. കസാലത്തണ്ടിൽ ഒരു പലകക്കഷണംവെച്ചു അതിന്മേൽ കടലാസ്സുകൾവെച്ചു ബീഡിയുംപുകച്ചു എഴുതിക്കൊണ്ടിരിക്കും. ഞാൻചെന്നാൽ എഴുതിക്കൊണ്ടിരിക്കുന്ന കടലാസ്സിൽനിന്നു തല ഉയർത്തിയിട്ടു ഒരു പുഞ്ചിരി സമ്മാനിക്കും. അടുത്തുള്ള കസാല ചൂണ്ടിക്കാണിച്ചിട്ടു അദ്ദേഹം പറയും “ഇരിക്കണം”. അല്പം സമയംകൂടി അദ്ദേഹം എഴുതും. പിന്നീടതു നിർത്തി ഞാനുമായി സംഭാഷണത്തിലേർപ്പെടും. ഞാൻ കൊടുക്കുന്ന ലേഖനങ്ങൾ വായിച്ചിട്ടു ചില അഭിപ്രായങ്ങൾ പറയും.

അങ്ങിനെ ഞങ്ങൾ പരിചയമായി.

റസ്സാക്കിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും എന്റെ സാഹിത്യശ്രമങ്ങൾക്കൊരു താങ്ങും തണലുമായി. എന്റെ ലേഖനങ്ങൾ അച്ചിൽ അണിനിരക്കുവാൻ തുടങ്ങി. എന്റെപേരും അതിന്റെകൂടെ അച്ചടിക്കപ്പെട്ടിരുന്നു.

ഞങ്ങൾ തമ്മിലുള്ള മൈത്രീബന്ധം വളർന്നു.

കൊല്ലം അഞ്ചെട്ടുകടന്നുപോയി. ഞാൻ ബി. എ. ക്ലാസ്സിൽ വായിക്കുകയാണ്.

ലോകത്തിൽ പല പരിവർത്തനങ്ങളുമുണ്ടായെങ്കിലും എന്റെ സുഹൃത്തിന്റെ തൊഴിലിനു ഒരു മാറ്റവുമുണ്ടായില്ല. അതേ പത്രം, അതേ സ്ഥലം, അതേ മുറി, അദ്ദേഹത്തിന്റെ പ്രകൃതി മാത്രം അല്പം മാറിയിരിക്കുന്നു. ആ മെലിഞ്ഞ ശരീരം ഒന്നുകൂടി മെലിഞ്ഞുവെന്നു മാത്രമല്ല കറുത്തിരുണ്ട തലമുടിയുടെ ഇടയിൽ ചിലവെള്ളനാരുകളും പ്രത്യക്ഷമായിരുന്നു.

ശമ്പളത്തിലും അല്പം മാറ്റമുണ്ടായിട്ടുണ്ട്. ഏറുകയല്ല കുറയുകയാണ് ചെയ്തിട്ടുള്ളതു്. പത്രം ഇന്നു കടത്തിലാണ്. അതുകൊണ്ടു പത്രാധിപന്മാർക്കും ജോല

ക്കാർക്കും ശമ്പളം കുറക്കേണ്ടിവരുന്നു. അവർ പത്രത്തിന്റെ നന്മയോർത്തു ജോലി ചെയ്യുകയാണ്.

പൊട്ടിയകുപ്പിയിലെ ജലംപോലെ ആ പത്രം ദിനംപ്രതി ക്ഷയിച്ചുവന്നു.

രണ്ടു മാസം മുമ്പാണ് എണ്ണ വററിയ വിളക്കുപോലെ, കടം കേറിത്തിന്ന ആ പത്രം നിന്നുപോയതു. അതിന്നുശേഷം ഒരാഴ്ച കഴിഞ്ഞപ്പോൾ റസ്സാക്ക് ശയ്യാവലംബിയുമായി. ക്ഷയം! ആ വ്യാധി ആ സാഹിതീദാസനെ തിന്നൊടുക്കുവാൻ തുടങ്ങിയിട്ടു മാസം കുറച്ചായി. അപ്പോൾ മാത്രമാണ് അതു മൂർദ്ധന്യത്തിലെത്തിയതു്. ശേഷി അല്പമെങ്കിലും ശേഷിച്ചിരുന്നതുവരെ, പേന പൊക്കുവാൻ കൈകൾക്കു ബലമുണ്ടായിരുന്നതുവരെ, അദ്ദേഹം അതു താഴെ വെച്ചിട്ടില്ല!.

ഞാൻ അദ്ദേഹത്തെ നിത്യവും സന്ദർശിക്കാറുണ്ടു്. ഗവൺമെണ്ടാസ്പത്രിയിലെ ടി. ബി. വാർഡിലെ ആ മുറിയിൽ രണ്ടു മാസത്തോളംകാലം ഞാൻ ദിനംപ്രതി പോയ്ക്കൊണ്ടിരുന്നു. പതിവനുസരിച്ചു ഇന്നലെ വൈകുന്നേരവും ഞാൻ അദ്ദേഹത്തെ കാണുവാൻ ചെന്നു. എന്റെ ഹൃദയത്തിൽ മായാത്തവണ്ണം പതിഞ്ഞിട്ടുള്ളതാണ് ആ രംഗം.

റസ്സാക്ക് കട്ടിലിൽ മലർന്നുകിടക്കുകയാണ്. രോഗരാജൻ കാർന്നുതിന്നു തുപ്പിയ ആ അസ്ഥികൂടം ശ്വാസഗതികൊണ്ടു ചലിക്കുന്നതു കാണാം. ഒട്ടിവലിഞ്ഞ കവിൾത്തടത്തോടും കാലിഞ്ഞോളം നീണ്ട താടിയോടുംകൂടിയ ആ മുഖം മ്ലാനമായിരുന്നു. ആർത്തിയോടെ അദ്ദേഹം ചുററുപാടും കണ്ണോടിച്ചുകൊണ്ടിരിക്കയായിരുന്നു.

മുറിക്കകത്തു കാൽപെരുമാററം കേട്ടപ്പോൾ അയാൾ മുഖം ചരിച്ചുനോക്കി. ഞങ്ങളുടെ കണ്ണുകൾ തമ്മിലിടഞ്ഞു. ദയനീയത നിറഞ്ഞ ആ നോട്ടം എന്റെ ഹൃദയത്തെ ഭേദിപ്പിച്ചു. ദൈന്യമായ ഒരു യാത്ര ചോദിക്കലായിരുന്നു ആ ദൃഷ്ടികളുടെ ഭാഷ. ഞാൻ ദീർഘമായൊന്നു നിശ്വസിച്ചു. നിസ്സഹായതയുടെ സന്ദേശം ആ നിശ്വാസത്തിലുണ്ടായിരുന്നു.

ഞാൻ അടുത്തുണ്ടായിരുന്ന കസാലയിൽ ഇരുന്നു. റസ്സാക്ക് പ്രയാസപ്പെട്ടു എന്തോ പൊക്കുകയാണ്. ഞാൻ ശ്രദ്ധിച്ചു. ചില കടലാസ്സുകെട്ടുകളാണവ. വിറക്കുന്ന കൈകളോടെ ഞാനവ സ്വീകരിച്ചു. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ഞാനും തളർന്നുപോയി. പഴന്തുണിപോലെ.

ഞാൻ ആ കടലാസ്സുകെട്ടുകളിലും അയാളുടെ മുഖത്തും ജിജ്ഞാസയോടെ മാറിമാറിനോക്കി. വളരെ പ്രയാസപ്പെട്ടു ഒരു കിതപ്പോടെ ഇടമുറിഞ്ഞ ശബ്ദത്തിൽ അയാൾ പറയുകയാണ്. "അതു... നാലു... പുസ്തക... ങ്ങളാണ്. നിങ്ങൾ (കുരക്കുന്നു എഹ്. എഹ്. എഹ്. അല്പം നിർത്തിയിട്ടു) അതു... അച്ച... ടിപ്പിക്കണം". ആ കണ്ണുകൾ വീണ്ടും നിറഞ്ഞു. എന്റെ കണ്ണുകളും.

ഹൃദയവ്യഥയോടുകൂടിയാണ് ഞാൻ യാത്രപറഞ്ഞു പിരിഞ്ഞതു്.

ഞാൻ മുമ്പോട്ടുവെച്ച ഓരോ അടിയും എന്റെ സുഹൃത്തിൽനിന്നുള്ള അകൽച്ചയെയാണ് കുറിച്ചിരുന്നതെന്ന് എനിക്കറിയാമായിരുന്നു. അയാളുടെ സജീവമായ ശരീരം കാണ്മാനുള്ള ഭാഗ്യം ഇനിയുണ്ടാവുകയില്ലെന്നെനിക്കുറപ്പായിരുന്നു. എങ്കിലും, ഞാൻ പിരിയുന്നസമയം ആ മുഖത്തു ദീർഘനേരം നോക്കുവാനുള്ള ശക്തി എന്റെ ഹൃദയത്തിനുണ്ടായില്ല. അതു അത്രക്കു ദുർബ്ബലമായിരുന്നു.

ഇന്നു പുലർച്ചെ എന്റെ അമ്മ ആ അശുഭവാർത്തയുംകൊണ്ടാണ് എന്നെ ഉണർത്തിയതു്. പ്രതീക്ഷിച്ചതു സംഭവിച്ചു. ഒരു ദീർഘനിശ്വാസത്തോടെയാണ് ഞാനതുകേട്ടതു് — വളരെ ശാന്തഭാവത്തിൽ.

എനിക്കുറക്കം വരുന്നില്ല. എന്റെ മേലാകെ പൊള്ളുന്നു. ഞാൻ നല്ലമെത്തയിൽകിടക്കുന്നു. എന്റെ സുഹൃത്തോ? ആ ചോദ്യശകലത്തിന് ഉത്തരം കിട്ടുന്നില്ല. അതെന്നെ വീർപ്പുമുട്ടിക്കുന്നു. ഇരുട്ടുനിറഞ്ഞ ആ ശവക്കല്ലറ! അതിലെ ജീവിതം എന്റെ മനസ്സിൽ ഒതുങ്ങുന്നില്ല. ആ ദേഹത്തിന്നു് എന്തെല്ലാം മാററങ്ങൾ സംഭവിക്കും. അതു വെറും എല്ലായിമാറിയേക്കും. സയൻസ് ക്ലാസ്സിൽകണ്ട ആ മനുഷ്യാസ്ഥികൂടംപോലെയോ? തീർച്ച. അപ്പോൾ ഒരു ദിവസം ഞാനും ആ രൂപം കൈക്കൊള്ളും. ഈ ലോകത്തിലെ സമസ്തജനങ്ങളും.

ചിന്തയുടെ ചുരുളുകൾ നിവർന്നു നിവർന്നു അററമില്ലാതെ അങ്ങിനെ പോകുന്നു. ഏതോ ഘടികാരം സമയമറിയിക്കുന്നുണ്ടു്. പാതിരക്കോഴി കാഹളം വിളിത്തുടങ്ങിയിരിക്കുന്നു. ശീതളമായ കാററടിക്കുന്നുണ്ടു്.

പകർപ്പവകാശം കാഥികനു.

തേജോമയമായ സൂര്യനും മനോഹരമായ ചന്ദ്രനും അവയുടെ പ്രകാശം എല്ലാ വസ്തുക്കളിന്മേലും ഒരുപോലെ പരത്തുന്നു. യുവാവെന്നോ വൃദ്ധനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസമില്ലാതെ, രോഗം തടുക്കുന്നതിനു പര്യാപ്തമായ ആരോഗ്യാഭിവൃദ്ധിയും ശരീരവളർച്ചയും നൽകുന്ന ജീവകം എ.യും ഡി.യും എല്ലാവർക്കും ആവശ്യമാണ്. **മദിരാശി ഗവൺമെണ്ട് ബ്രാണ്ട് ഷാർക്ക് ലിവർ ഓയലും അഡാമിനും** കൃത്യമായുപയോഗിക്കുന്നതുകൊണ്ടു പ്രശോഭിതമായ ആരോഗ്യവും ജീവിതസുഖവും എല്ലാവർക്കും ഒരുപോലെ കൈവരുന്നതാണ്.

Manufacturers:—

GOVERNMENT OIL FACTORY CALICUT.

MADRAS GOVERNMENT MGB BRAND

ads.

മദ്രാസ് സംസ്ഥാനത്തിലേയും അടുത്ത നാട്ടുരാജ്യങ്ങളിലേയും ഏജൻറുമാർ:—

മെസ്സേഴ്സ് പാരി ആൻറ് കമ്പനി ലിമിററഡ്,

മദ്രാസ്.

ആത്മവേദന

പി കുഞ്ഞിരാമൻനായർ

ചെന്താമര: —

കൂരിരുൾമറയ്ക്കുള്ളിൽ, നീരവം നിലകൊണ്ടു
പാർത്തു്; തൻ കരതളത്തു ദിവ്യനിസ്സുമപ്പുഷ്പം;
വന്നണഞ്ഞിതു ഉരന്നശ്രമമന്ഥരഥം
പൊന്നണിയിച്ചീടും തജ്ജീവിതേശ്വരനിപ്പോൾ !
കൊച്ചുകുമ്പിളിൽ [illegible]വും സൌരഭ്യക്കറിക്കൂട്ടും
വെച്ചൊരുക്കിയീ സ്വച്ഛസ്ഫടികസരസ്സിങ്കൽ–
ച്ചിന്നിയ പത്രചിത്രത്തികവാൽത്തിളങ്ങുന്ന–
പ്പൊന്നലയണിവെള്ള വില്ലീസ്സുവിരിപ്പിങ്കൽ,
മഞ്ഞപ്പൂമ്പരാഗത്തിൻ പരിവേഷത്തിൽക്കളത്തും
കർണ്ണികാരമാം സ്വർണ്ണദീപവും കൊളുത്തി ഞാൻ,
ഘനമേചകസ്വച്ഛവർണ്ണനെ പ്രതീക്ഷിപ്പൂ
മണിവേണുവുമൂതിയണയും രമണനെ!
സുന്ദരോദയശൈലസാനുവിൽ വിടർന്നേന്തി–
മിന്നിയൊരുഷഃപ്പൂവിൻ പൊന്നിതൾ കൊഴിഞ്ഞിട്ടും,
ഉല്ലളണിശ്വാസത്തിന്നൂഷ്മളാതപമേറി–
പ്രഫുല്ലസൌന്ദര്യച്ചെല്ലച്ചുണ്ടുകൾ വരണ്ടിട്ടും,
ശ്രീലവിണ്ണണിമണി നീലദർപ്പണത്തിലും–
ലോലമാം പ്രേമത്തിന്റെയഴക തെളിഞ്ഞിട്ടും,
കട്ടുതത്തുതെത്തും പ്രേമപല്ലവികേട്ടു
പട്ടിളം പുല്ലാലുവ്വി പുളകംപുതച്ചിട്ടും,
വിണ്ണഴകളുനീല സാഗരനീരിൽക്കണ്ടു–
സന്ധ്യ, ശീതളതാരാ ബാഷ്പനീർ പൊഴിഞ്ഞിട്ടും,
എന്നുടെ നവമധുവുണ്ണുവാനണഞ്ഞില്ല–
മന്നിടമൊന്നായ്പ്പുൽകും പൊന്നോടക്കുഴൽക്കാരൻ!
അഭികാംക്ഷയില്ലിനിയഭ്യസൂയയുമില്ലാ–
യതിഥിയ്ക്കർപ്പിയ്ക്കും ഞാനൊരാത്മനൈവേദ്യത്തിങ്കൽ!
ഗായകൻ മുകരാത്ത മുരളിയുറങ്ങീടാം
കാംക്ഷയാം ചരടറ്റ ലോചനമുയിർക്കൊള്ളാം;
ദേഹിതൻ വിപ്ലയാത്ര പറഞ്ഞുപിരിഞ്ഞോരു–
ദേഹത്തിനണിച്ചെന്തീച്ചെന്താർച്ചെപ്പോസ്ഥയിൽ മുങ്ങാം;
പതിമംഗല്യം മാഞ്ഞ വിധവയ്ക്കൊരുപക്ഷേ
മൃതിതൻ രോമന്ഥത്താൽ ക്ഷുധയാറ്റീടാം;മെന്നാൽ,
അർത്ഥിയായ് വരഭൃംഗമെത്താത്താമലരിന്റെ–
യുൾച്ചൂടിൽദ്ദഹിച്ചെയ്ക്കാം പട്ടടച്ചെന്തീപോലും!

"CROWN BRAND" Underwears for You!
WHETHER WAR OR NO WAR
We are always at your Service
Insist on CROWN BRAND and CROWN BRAND alone
CHEAP AND DURABLE
BEST BY EVERY TEST
Manufactured by:—
MALABAR & PIONEER HOSIERY, LTD.,
CHALAPURAM P. O., CALICUT.
SPORTS SHIRTS ARE OUR SPECIALITIES.

സിക്കന്തർബാദ്

വറുഗീസ് കളത്തിൽ എം. എ.

പതിനെട്ടാം നൂറ്റാണ്ടിൻെറ അവസാനത്തിൽ ക്യാപ്റ്റൻ അക്കില്ലിസ് കക്ക് പാററ്റിക്ക ബ്രിട്ടീഷ് ഗവമ്മെൻറിനെ പ്രതിനിധീകരിച്ചുകൊണ്ട് ഹൈദ്രബാദിൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന കാലം ഹൈദ്രബാദിൻെറ ചരിത്രത്തിൽ സർവ്വ പ്രധാനമായ ഒരു ഘട്ടമായിരുന്നു. ഹഷ്മത് ജങ്ക് (Hashmat Jung) എന്ന ബഹുമതി ക്യാ: കക്ക് പാററ്റിക്കിന്ന് നൈസാം നൽകിയെന്നുള്ളതു് നൈസാമിന്ന് ബ്രിട്ടീഷ് പ്രതിനിധിയോടുണ്ടായിരുന്ന സൗഹാർദ്ദത്തെ സ്പഷ്ടമാക്കുന്നു. ഹൈദ്രബാദിലെ പ്രമുഖകുടുംബങ്ങളിൽ ഒന്നിൽനിന്ന് ഒരു യുവതിയെ കക്ക് പാററ്റിക്ക് വിവാഹംചെയ്തുവെന്നുള്ളതു് ചരിത്രത്തിൽ സ്ഥാനം നേടിയിട്ടുള്ള ഒരു പ്രേമകഥയാണ്.

ക്യാപ്റ്റൻ കക്ക്പാററ്റിക്കും നൈസാമും തമ്മിൽ 1798-ൽ നടത്തിയ സന്ധി പ്രകാരം ഒരു ബ്രിട്ടീഷു സൈന്യം സ്ഥിരമായി ഹൈദ്രബാദിൽ പാളയമടിച്ചുകൊള്ളുവാൻ അനുവാദംലഭിച്ചു. ബ്രിട്ടീഷുകാരും നൈസാമും തമ്മിലുള്ള ബന്ധത്തെ ദൃഢപ്പെടുത്തുന്ന പല ഉടമ്പടികളും നിർമ്മിക്കുന്നതിന്നു കക്ക് പാററ്റിക്കിനു സാധിച്ചു. ടിപ്പുസുൽത്താൻെറയും മഹാരാഷ്ട്രന്മാരുടെയും സമരപ്രവർത്തനഘട്ടങ്ങളിൽ ഹൈദ്രബാദിൻെറ വടക്കും പടിഞ്ഞാറുമുള്ള അതിർത്തിയിൽ രാജ്യസംരക്ഷണാർത്ഥം ബ്രിട്ടീഷ് പട്ടാളങ്ങൾ നൈസാമിൻെറ പക്ഷംചേന്നു പ്രതിരോധം നടത്തി.

ക്യാപ്റ്റൻ കക്ക് പാററ്റിക്കിൻെറ കാലത്തുതന്നെയാണ് ഫ്രഞ്ചുകാർക്ക് നൈസാമിൻെറ രാജ്യത്തുണ്ടായിരുന്ന പ്രാബല്യം നിശ്ശേഷം ശിഥിലീകൃതമായതു്. 1799-ൽ നൈസാമിൻെറ സർവ്വീസിലുണ്ടായിരുന്ന എല്ലാ ഫ്രഞ്ചുകാരെയും ഡിസ്മിസ്സ്ചെയ്തു. എം റെയ്മോണ്ടിൻെറ കീഴിൽ വിദഗ്ദ്ധമായ രീതിയിൽ പരിശീലനം സിദ്ധിച്ചു സൈന്യത്തെ അന്ന് പിരിച്ചുവിടുകയുംചെയ്തു. പ്രസ്തുത വർഷത്തിലാണ് നൈസാം-ബ്രിട്ടീഷ് മൈത്രി സുസ്ഥിരമായ അടിസ്ഥാനത്തിന്മേൽ സ്ഥാപിതമായതു്. എന്നാൽ ഇതിനു അഞ്ചുവർഷംമുമ്പ് ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ ഒരു പട്ടാളം ഹൈദ്രബാദിൽ വന്ന് ഹുസ്സെയിൻ സാഗർ തടാകത്തിൻെറ വടക്കെ ഭാഗത്തിനുസമീപം പാളയമടിച്ചിരുന്നു. ഈ പാളയത്തിൻെറ പരിസരങ്ങളിൽ ബസാറുകളും മററും താമസിയാതെ സ്ഥാപിതമായി. നിരവധിജനങ്ങൾ പാളയത്തിൻെറ അടുത്തുള്ള സ്ഥലങ്ങളിൽ വ്യാപാരത്തിനും മററുമായി കുടിപാർപ്പുറപ്പിച്ചു. പാളയമിരിക്കുന്ന സ്ഥലത്തെ ബഹുജനങ്ങൾ ലാഷ്ക്കർ (Lashkar) എന്നു വിളിച്ചുവന്നു. തദ്ദേശവാസികളിൽ പാവപ്പെട്ടവർ ഇന്നും സിക്കന്തർബാദിനെ ലാഷ്ക്കർ എന്നു വിളിച്ചുവരുന്നു.

ഗവർണ്ണർ ജനറലുമായി ഒരു കൂടിയാലോചനയ്ക്കു പോയിരുന്ന സമയം കല്ക്കത്തയിൽവെച്ചു ക്യാപ്റ്റൻ കക്ക്പാററ്റിക്ക് 1905-ൽ നിര്യാതനായി. 1906-ൽ അദ്ദേഹത്തിൻെറ സ്ഥാനം ക്യാപ്റ്റൻ സയ്ഡൻഹാം സ്വീകരിച്ചു. അന്നത്തെ നൈസാമായിരുന്ന സിക്കന്തർജാ (Sikandr Jah) യുടെ നാമധേയം ബ്രിട്ടീഷു പാളയപ്പട്ടണത്തിന്നു നൽകുവാൻ ബ്രിട്ടീഷു റസിഡണ്ടായ ക്യാപ്റ്റൻ സയ്ഡൻഹാം അനുവാദം വാങ്ങി. ഇദ്ദേഹത്തിൻെറ കാലത്താണ് ബ്രിട്ടീഷ്പട്ടാളത്തിൻെറ സ്ഥിരം പാളയമായി സിക്കന്തർബാദ് രൂപമെടുത്തതു്.

സിക്കന്തർബാദ് ക്രമേണ ഒരു വലിയ നഗരമായി വളൎന്നുവന്നു. 1852-വരെ പ്രസ്തുത നഗരത്തിൻെറ അതിൎത്തി നിശ്ചയിക്കപ്പെട്ടിരുന്നില്ല. വടക്കൻ പ്രദേശങ്ങളിലേക്ക് പാളയസ്ഥാനം വികസിച്ചു. അലക്സാസാണ്ട്റാ റോഡിൻെറ വടക്കുവശത്തുള്ള ഉയൎന്ന പ്രദേശത്തിലേക്ക് പട്ടാളത്തിൻെറ വാസസ്ഥാനം മാററിയതോടുകൂടി പഴയ പാളയത്തിലെ പല കെട്ടിടങ്ങളിലും പൌരജനങ്ങൾ താമസമാക്കി. സ്റ്റേററ് റെയിൽവേ, സിക്കന്തർബാദ് ലേഡീസ് ക്ലബ്ബ് മുതലായ സ്ഥാപനങ്ങളുടെ ആവശ്യത്തിലേക്കായി ചില കെട്ടിടങ്ങൾ ഉപയോഗിക്കുന്നു. ഒരു ലക്ഷത്തോളം ജനസംഖ്യവരുന്ന പ്രസ്തുതനഗരം ഇന്ത്യയിലെ നഗരങ്ങളുടെയിടയിൽ വളരെ പ്രാധാന്യമൎഹിക്കുന്നു.

ഭാവിയിൽ സിക്കന്തർബാദിലെ നീതിന്യായക്കോടതിയിലെ ഔദ്യോഗികഭാഷ ഉറുദു ആയിരിക്കും. ഇംഗ്ലീഷും ഉപയോഗിക്കുവാൻ അനുവാദമുണ്ട്. ഈ നഗരത്തിലെ സ്കൂളുകളിൽ അദ്ധ്യയനഭാഷ ഏതായിരിക്കണമെന്നുള്ളതിനെക്കുറിച്ച് നിൎബ്ബന്ധമില്ല. ഈ നഗരത്തിൽ ബ്രിട്ടീഷ് പട്ടാളങ്ങൾക്ക് ഹിതാനുസരണം യാത്രചെയ്യാവുന്നതാണ്.

ഹഷ്മത്ജങ്ക് എന്ന ബഹുമതിസ്ഥാനം ലഭിച്ച ബ്രിട്ടീഷ് പ്രതിനിധി പണികഴിപ്പിച്ച കെട്ടിടത്തിൽവെച്ചാണ് സിക്കന്തർബാദിനെ സംബന്ധിച്ച ഉടമ്പടിയിൽ ഒപ്പുവെച്ചതു്. അങ്ങനെ ചരിത്രപ്രധാനമായ ഈ സംഭവം ചരിത്രപ്രധാനമായ കെട്ടിടത്തിൽ വെച്ചുതന്നെ നടക്കുകയുണ്ടായി. ബ്രിട്ടീഷ് ഗവൎമ്മെൻറിനുവേണ്ടി റസിഡണ്ട് സർ ആർതർ ലോതിയാനും, ഹൈദ്രബാദിനുവേണ്ടി പ്രധാനമന്ത്രി സർ സഈദുൽമുൽക്കും ആണ് ഉടമ്പടിയിൽ ഒപ്പുവെച്ചതു്.

New
Taj Mahal Hotel
CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാൎക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകൎയ്യപ്രദം.

ടീപാൎട്ടികളും ഏറെറടുത്തു് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദൎശനത്തെയും പരീക്ഷണത്തെയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ടു പട്ടുതെരുവിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിൻെറ ഉടമസ്ഥനാൽ നടത്തപ്പെടുന്നതു്.

ഹൈദരബ്ബാദിൽ വ്യവസായപ്രദർശനം

നൈസാം മഹാരാജാവു ഉൽഘാടനംചെയ്തു

എട്ടുകൊല്ലമായിട്ടു ഹൈദരബാദിൽ കൊല്ലംതോറും ഒരു വ്യവസായപ്രദർശനം നടത്തിവരാറുണ്ട്. പതിവുപോലെ അതു ഈ കൊല്ലവും നടത്തിയിരിക്കുന്നു. ഈ കൊല്ലം പ്രദർശനം ഉൽഘാടനംചെയ്തതു നൈസാം മഹാരാജാവു തിരുമനസ്സുകൊണ്ടുതന്നെയാണ്. ആ അവസരത്തിൽ അദ്ദേഹത്തിനു പ്രദർശനക്കമ്മിററിയുടെ വകയായി ഒരു മംഗളപത്രം പ്രസിഡണ്ടു നവാബ് സെയിൻ യാർ ജങ്ക്ബഹാദൂർ വായിച്ചു സമർപ്പിച്ചിരുന്നു. ആ മംഗളപത്രത്തിനു മറുവടിയായി തിരുമനസ്സുകൊണ്ടുചെയ്ത പ്രസംഗം ഹൈദരബാദിന്റെ സർവ്വതോമുഖമായ പുരോഗതിയെയാണ് കുറിക്കുന്നതു്.

തിരുമനസ്സുകൊണ്ടു പറഞ്ഞു:—“ത്വരിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വ്യവസായത്തിന്റെ ഈ 8-ാം വാർഷികപ്രദർശനം ഉൽഘാടനംചെയ്യുന്നതിൽ നാം അത്യധികം സന്തോഷംകൊള്ളുന്നു. ഈക്കൊല്ലം അനേകം പുതിയ സ്റ്റാളുകൾ തുറക്കപ്പെടുകയും അപൂർവ്വവസ്തുക്കൾ പ്രദർശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തികപുരോഗതിയുടെ ആവശ്യം

കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ കെടുതികളെപ്പററി ഖുർആൻവാക്യത്തിൽ “കരയും കടലും അക്രമം നിറഞ്ഞിരിക്കുന്നു; മനുഷ്യർ സ്വയംചെയ്ത ദുർവൃത്തികൾക്കുള്ള ശിക്ഷയാണിതു” എന്നു പറഞ്ഞാൽ അതു അശേഷം തെററാവുകയില്ല. ഈ ഘോരസമരം ലോകത്തിന്റെ സകലഭാഗങ്ങളെയും ബാധിച്ചിട്ടുണ്ട്. ഇന്ത്യയുടെ കിഴക്കൻഅതിർത്തി കടന്നു ആസ്സാമിലേക്കു അതു നുഴഞ്ഞുകയറുകയുണ്ടായി. എന്നാൽ ദൈവകാരുണ്യത്താൽ ബ്രിട്ടന്റെയും ഐക്യപക്ഷക്കാരുടെയും വിജയത്തിലതു കലാശിച്ചിരിക്കുന്നു. ശത്രുക്കളുടെ ആക്രമണത്തിൽനിന്നു ഹൈദരബാദു രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതു വാസ്തവമാണ്. പക്ഷെ, ആകാശാക്രമണം ഉണ്ടാകുമെന്നു ഭയപ്പെടേണ്ട ഒരു കാലഘട്ടം നമ്മളിലും കടന്നുപോയിട്ടുണ്ടായിരുന്നു. ഈ യുദ്ധകാലമത്രയും ഹൈദരാബാദിന്റെ വ്യവസായം മുഴുവൻ യുദ്ധസാമഗ്രികൾ നിർമ്മിക്കുന്നതിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നതു്. യുദ്ധസാമഗ്രികൾ നിർമ്മിച്ചിരുന്നതുകൊണ്ട് ഇക്കാലത്തു വ്യവസായം വേണ്ടവിധത്തിൽ പുരോഗമിച്ചിട്ടില്ല. ഇപ്പോൾ യുദ്ധം അവസാനിച്ചിരിക്കുന്നു. അതിനാൽ രാജ്യക്ഷേമത്തിനു ആവശ്യമായ നിലയിൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതു് നമ്മുടെ ചുമതലയായിരിക്കുന്നു. യുദ്ധാവസാനത്തോടുകൂടി സാമ്പത്തികവും വ്യവസായികവുമായ മത്സരം ലോകത്തു വീണ്ടും തലപൊക്കിയിരിക്കുന്നതുകൊണ്ടു ഇതു നമ്മുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമായിട്ടുണ്ട്. മത്സരത്തിൽ വിജയം പ്രാപിക്കുന്ന രാജ്യങ്ങൾ മാത്രമേ അഭിവൃദ്ധിപ്പെടുകയുള്ളു. അല്ലാത്തവയ്ക്കു ദാരിദ്ര്യവും തൊഴിലില്ലായ്മയും നേരിടേണ്ടിവരുന്നതാണ്. എല്ലാം പുനസ്സംവിധാനപദ്ധതിയിലും ഇക്കാര്യം നാം പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു.

കൃഷിവികസനം

നമ്മുടെ നാട്ടിലെ ഏററവും പ്രധാനവും പുരാതനവുമായ തൊഴിൽ കൃഷിയാണ്. അടുത്ത കാലത്തായി മററുള്ള തൊഴിലുകളും അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെങ്കിലും, ഇപ്പോഴും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലുംകൂടി നാട്ടിന്റെ സമ്പത്തു മിക്കവാറും കാർഷികോല്പന്നങ്ങളിൽനിന്നുണ്ടാവുന്നതുതന്നെയാണ്. നാട്ടിലെ ജനസംഖ്യയിൽ ഭൂരിപക്ഷമായ ഗ്രാമവാസികൾ ഈ തൊഴിലിൽ ഏർപ്പെട്ടവരാകുന്നു. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ ഇന്ത്യ മുഴുവനുംതന്നെ ഒരു കാർഷികരാജ്യമാണ്. അതിനാൽ ഏററവും നവീനരീതിയിൽ പുതിയ ആയുധങ്ങളും സാമഗ്രികളുമുപയോഗിച്ചു, പ്രത്യേകിച്ചു നമ്മുടെ നാട്ടിൽത്തന്നെയുണ്ടാകുന്ന കൃഷിക്കോപ്പുകളുപയോഗിച്ചു, കൃഷിചെയ്യാൻ നാട്ടുകാരെ പഠിപ്പിക്കേണ്ടതാകുന്നു. ഈ കാര്യസാദ്ധ്യത്തിനായി കൃഷിവകുപ്പും വ്യവസായപ്രദർശനവകുപ്പും തമ്മിൽ കൂടുതൽ ബന്ധവും സഹകരണവും ഉണ്ടായിരിക്കണം. അതേസമയത്തു തലസ്ഥാനത്തു ഒരു കാർഷികകോളേജും ജില്ലകളിൽ കാർഷികവിദ്യാലയങ്ങളും തുറക്കുകയും ചെയ്യേണ്ട

താണിരിക്കുന്നു. ഈ സ്ഥാപനങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി താമസംകൂടാതെ നടപ്പിൽ വരുമെന്നു നാം ആശിക്കുന്നു.

ഒന്നാംതരം പുസ്തകങ്ങൾ

ശാസ്ത്രീയമായും കലാപരമായും നമ്മുടെ ട്രെയിനിംഗ് കോളേജു പരീക്ഷപ്പെടുത്തുകയും വിചിക്കുകയും ചെയ്തിട്ടുള്ള പുസ്തകങ്ങൾ ഇന്ത്യയിൽ ഇതുവരെ പ്രചരിക്കപ്പെട്ടിട്ടുള്ളതിൽ മെച്ചപ്പെട്ടവയാണെന്നറിയുന്നതിൽ നമുക്കു ഒട്ടേറെ സന്തോഷമുണ്ട്.

തൊഴിൽ വിദഗ്ദ്ധന്മാർക്കു സഹായം

നാട്ടിലുണ്ടാകുന്ന വസ്തുക്കൾ ശേഖരിച്ചു വിതരണംചെയ്യുന്നതിന്നു ഒരു ലിമിററഡ് കമ്പിനി സ്ഥാപിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതോടുകൂടി തൊഴിൽ വിദഗ്ദ്ധന്മാർക്കു പലിശ ഒഴിവാക്കി ധനസഹായം ചെയ്യുവാനും സ്കോളർഷിപ്പു നൽകി വിദ്യാർത്ഥികളെ തൊഴിൽ പരിശീലിപ്പിക്കുവാനും പദ്ധതി നിർണ്ണയിച്ചിട്ടുണ്ട്. ഈ പദ്ധതികൾ അടുത്തുതന്നെ പ്രവൃത്തിപഥത്തിൽ വരാതിരിക്കയില്ല. ഏററവും മികച്ച കണ്ടുപിടുത്തങ്ങൾക്കും ഏററവും നല്ല നിലയിൽ ഏർപ്പെടുത്തപ്പെടുത്തിട്ടുള്ള സ്റ്റാളുകൾക്കും സമ്മാനംകൊടുക്കാനുള്ള പ്രദർശനപ്രവർത്തകന്മാരുടെ നിശ്ചയം സ്തുത്യർഹമാണ്. എന്നാൽ സ്ത്രീകളും പെൺകുട്ടികളും പ്രദർശിപ്പിച്ചിട്ടുള്ള കലാവസ്തുക്കൾക്കുകൂടി സമ്മാനം നൽകാൻ നാം ഉദ്ദേശിക്കുന്നു. മത്സരവ്യവസ്ഥയിന്മേലായിരിക്കും അതു നൽകപ്പെടുക.

മാതൃകാഗേഹം

വ്യവസായവസ്തുക്കൾ പ്രദർശിപ്പിക്കാനായി ഒരു മാതൃകാഗേഹമുണ്ടായിരിക്കേണമെന്നുള്ളതു നല്ലൊരു അഭിപ്രായമാണ്. എന്നാൽ അതിന്നു ഇവിടെയുള്ള ഏതെങ്കിലും കെട്ടിടം മതിയാകുമോ അഥവാ പുതിയ കെട്ടിടം നിർമ്മിക്കേണ്ടിവരുമോ എന്ന കാര്യം തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. കൗൺസിൽമുഖാന്തരം വിശദമായ നിർദ്ദേശം ലഭിച്ചാൽ അതിന്നുവേണ്ട കല്പനകൾ നാം പുറപ്പെടുവിക്കുന്നതാണ്.

സമയനിർണ്ണയം

പ്രദർശനം നടത്തുന്നതു ഏതുമാസത്തിലായിരിക്കും നല്ലതെന്ന പ്രശ്നത്തെപ്പററി പറകയാണെങ്കിൽ അതു മഴക്കാലത്തല്ലാതിരിക്കുകയും മററതെങ്കിലും പാററിയമാസം നിശ്ചയിച്ചു മുൻകൂട്ടി പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

അഭിനന്ദനം

അവസാനമായി, ഈ പ്രദർശനം ഏർപ്പാടു ചെയ്യുന്നതിൽ സെയിൻജോർജ്ജ് പ്രകടിപ്പിച്ചിട്ടുള്ള സാമർത്ഥ്യത്തെയും ഉത്സാഹത്തെയും നാം ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. അദ്ദേഹം പല പുതിയ ഇനങ്ങളും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു സന്തോഷാവഹമാണ്. ഈ പ്രവൃത്തിയിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്ന പ്രദർശനക്കമ്മിററിയേയും നാം അഭിനന്ദിക്കുന്നു. ഉപകാരപ്രദമായിരിക്കുന്ന ഈ പ്രദർശനത്തിൽ വരുംകാലം എന്തെല്ലാം അഭിവൃദ്ധികളാണ് വരുത്തേണ്ടതെന്ന കാര്യത്തെപ്പററി നാം ഗാഢമായി ചിന്തിക്കുന്നതും ഉപദേശം നൽകുന്നതുമാണ്.

ഇന്ന്

എല്ലാവരും സമ്മതിക്കുന്നു, ജാതി, മതം, തൊഴിൽ ഭേദമില്ലാതെ സകലർക്കും അത്യാവശ്യമാണ് ഇൻഷ്വറൻസ് എന്ന്.

അധികവിവരങ്ങൾക്കാവശ്യപ്പെടുക:—

കോച്ചുക്കാർ ബ്രദേഴ്സ്, ലിമിററഡ്,

ദക്ഷിണേന്ത്യക്കുള്ള പ്രധാന ഏജൻറുമാർ:—

THE BOMBAY LIFE ASSURANCE Co., LTD.

PUTHIYARA CALICUT.

(ദക്ഷിണേന്ത്യയിൽ മുഴുക്കെ ബ്രാഞ്ചുകളും ഏജൻസികളും ഉണ്ട്.)

ഇന്ത്യയെപ്പററി ചില കണക്കു പാഠങ്ങൾ

(ലോകാവലോകി)

മാന്യവായനക്കാരെ, കഴിഞ്ഞ ലക്കത്തിൽ ചില രസകരമായ കണ്ടുപിടുത്തങ്ങളെപ്പററി ചില വിവരങ്ങൾ ഞാൻ നിങ്ങൾക്കു പറഞ്ഞുതന്നുവല്ലോ. അവയെല്ലാം പരരാജ്യങ്ങളിലെ കണ്ടുപിടുത്തങ്ങളാണ്. ഇപ്പോൾ ഞാൻ നമ്മുടെ രാജ്യത്തെസംബന്ധിച്ചുള്ള ചില കണ്ടുപിടുത്തങ്ങൾ നിങ്ങളെക്കൊണ്ടുതന്നെ ചെയ്യിക്കുവാനാണ് ഉദ്ദേശിക്കുന്നതു. അതു ചില കണക്കുപാഠങ്ങൾമുഖേന നിർവ്വഹിച്ചുകൊള്ളാം. അവയുടെ ഉത്തരങ്ങൾ കണ്ടുപിടിച്ചാൽ അവ നിങ്ങളെത്തന്നെ ആശ്ചര്യപരതന്ത്രരാക്കുന്ന കണ്ടുപിടുത്തങ്ങളാണെന്നു നിങ്ങൾക്കു ബോദ്ധ്യമാവും. അവ നിങ്ങളെ കണ്ണുമിഴിപ്പിച്ചു നിറുത്തിക്കളയും, സംശയമില്ല!

അവട്ടെ, നിങ്ങൾ തയ്യാറായോ? പെൻസിലോ, പുസ്തകമോ എന്തെങ്കിലും എടുക്കുവിൻ—(കടലാസ്സില്ലാത്തവരുണ്ടെങ്കിൽ ഒരു വശത്തച്ചടിച്ച പരസ്യക്കടലാസ്സുകളോ, ചിത്രക്കടലാസ്സുകളോ, നോട്ടീസ്സുകളോ ആയാലുംമതി) നിങ്ങൾ എഴുന്നേററുനില്ക്കണമെന്നില്ല, ഇരുന്നുകൊണ്ടുതന്നെ ചെയ്യാൻ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. മനക്കണക്കായി ചെയ്യാൻ കഴിയുന്നവർ ഉത്തരംമാത്രം എഴുതിയാൽ മതി. ഇതാ, ആരംഭിക്കുവിൻ :—

1) നമ്മുടെ ഇന്ത്യാരാജ്യത്തിലെ ജനസംഖ്യ 40 കോടിയാണ്. ഒരു മാസത്തേക്ക് ഒട്ടാകെയുള്ള ജനങ്ങളുടെ ആകെ വരവ് ഏകദേശം 200 കോടി ഉറുപ്പിക മാത്രമാണ്. എന്നാൽ ഒരു ദിവസത്തേക്ക് ശരാശരി ഒരാളുടെ വരവെത്ര?

2) ഇന്ത്യയിലെ 36 കോടി ഗ്രാമീണരുടെ ഒട്ടാകെയുള്ള പ്രതിവർഷം വരവ് 540 കോടി ഉറുപ്പികയാണ്. എന്നാൽ ഒരു ഗ്രാമീണന്റെ ശരാശരി നിത്യവരവ് എത്ര?

3) അമേരിക്കൻ ഐക്യരാജ്യത്തിലെ ജനസംഖ്യ 13 കോടിയും ഗ്രെയിററ്ബ്രിട്ടനിലെ ജനസംഖ്യ 5 കോടിയും ആണ്. അമേരിക്കൻ ജനതയുടെ ആകെയുള്ള പ്രതിമാസം വരവ് 2080 കോടി ഉറുപ്പികയും ബ്രിട്ടീഷ് ജനതയുടേതു 715 കോടി ഉറുപ്പികയും ആണെങ്കിൽ ഓരോരാജ്യത്തിലേയും ശരാശരി ഓരോരുത്തരുടെ നിത്യവരവ്, കണക്കാക്കുക—ഒരിന്ത്യാക്കാരന്റെ വരവിന്റെ (പ്രതിമാസം 5 ക) എത്രശതമാനം ഒരു ബ്രിട്ടീഷുകാരനും ഒരു അമേരിക്കക്കാരനും ഉണ്ടെന്നു കണക്കാക്കുക.

4) ജനനസമയത്തുതന്നെ മരിക്കുന്ന കുട്ടികളുടെ സംഖ്യ ഇന്ത്യയിൽ പതിനായിരത്തിൽ 1040ഉം, ഇംഗ്ലണ്ടിൽ 360ഉം, ജപ്പാനിൽ 320ഉം ആണ്. ഓരോന്നിന്റെയും ശതമാനം കാണുക.

5) ഇന്ത്യയിൽ ഇപ്പോൾ 40 കോടി ജനങ്ങൾക്ക് ചികിത്സിക്കുവാൻ 47,500 ഡോക്ടർമാരുണ്ട്. എന്നാൽ എത്ര ജനങ്ങൾക്ക് വീതം ഒരു ഡോക്ടർ ഉണ്ട്?

6) ഇന്ത്യയിലെ 40 കോടി ജനങ്ങളിൽ 4 കോടി മാത്രം നഗരങ്ങളിൽ താമസിക്കുന്നു. എന്നാൽ ഗ്രാമങ്ങളിൽ നിവസിക്കുന്നവരുടെ ശതമാനമെത്ര? നമ്മുടെ അടിയന്തരാവശ്യം ഗ്രാമോദ്ധാരണമോ നഗരപരിഷ്കരണമോ?

മതി, തൽക്കാലം ഈ അരഡസൻ കണക്കുകൾ മതി. ബാക്കി പിന്നീടാവാം. ഇതിന്റെയെല്ലാം ഉത്തരം നിങ്ങൾ അരമണിക്കൂറിനകം കണ്ടുപിടിക്കുക. പിന്നെ താഴെ കൊടുത്ത ഉത്തരവുമായി ഒത്തുനോക്കുക.

1) 0—2—8 (2) 0—0—8 (3) (i) 5—5—4 (ii) 4—12—3 (iii) 3200%; 2860% (4) 10.4 ശ.മാ; 3.6 ശ മാ; 3.2 ശ.മാ; (5) 8421 (6) 90 ശ മ; ഗ്രാമോദ്ധാരണം.

ഇനിയെന്താണ് വേണ്ടതെന്നോ? ഈ യാഥാർത്ഥ്യങ്ങളെപ്പററി ഗാഢഗാഢം ചിന്തിക്കുക!

ജാപ്പാനിലെ ഷിൻറോമതം

(എം. പി.)

ജാപ്പാനിലെ സഖ്യ സുപ്രീംകമാണ്ടർ ജനറൽ ഡൊഗ്ലസ്സ് മക്കാർതർ, സ്റ്റേററ്ഷിൻറോയിസം (ഗവണ്മെണ്ടിന്റെ പിൻതാങ്ങും സഹായവുമുള്ള ഷിൻറോമതം) നിരോധിച്ചിരിക്കുന്നു. ലോകാധിപത്യം നേടുവാൻ ജപ്പാനെ വഴിപിഴപ്പിച്ച മൊത്ത ദേശീയവാദികളും യുദ്ധപ്രഭുക്കളും കൂടി "കെട്ടിപ്പൊന്തിച്ച" ഒരാശയമാണ് ഷിൻറോയിസം എന്നാണ് മക്കാർതർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ മതം അവിടെ ഗവണ്മെണ്ടിന്റെ നിർബന്ധത്തോടുകൂടി നടപ്പിൽവരുത്തിയതുമാണ്.

എന്താണ് ഷിൻറോയിസം (ഷിൻറോമതം) എന്നാൽ? ഷിൻറോമതത്തിന്റെ തത്വങ്ങളിൽ പ്രാധാന്യം വഹിക്കുന്നത് മൺമറഞ്ഞ പൂർവ്വികന്മാരുടെ ആരാധനയാണ്. ബുദ്ധമതത്തിന്റെയും ചൈനാക്കാരുടെയും സ്വാധീന ശക്തിയാൽ ഷിൻറോമതാചാരങ്ങൾക്ക് പല പരിവർത്തനങ്ങളും അനുഭവപ്പെട്ടിട്ടുണ്ടെങ്കിലും പൂർവ്വികാരാധനയ്ക്കു യാതൊന്നുമേതും നീക്കുപോക്കുണ്ടായിട്ടില്ല. മൂന്നുവിധത്തിലാണ് ഈ ആചാരം: ഗാർഹികാചാരം, സാമൂഹ്യാചാരം, സ്റ്റേററ് ആചാരം. മൂന്നാമത്തേതിനെ ഇമ്പീരിയൽ ആചാരം (സാമ്രാജ്യമതം) എന്നും പറയാം—അതായത്, ചക്രവർത്തിയെ ദൈവമാക്കി ആരാധിക്കുന്ന നടപ്പ്. ഒന്നാമത്തെ ആചാരം ഗാർഹിക ജീവിതനടപടികളെ നിയന്ത്രിക്കുന്നു; രണ്ടാമത്തേത് സാമൂഹ്യവും സാമുദായികവുമായ ജീവിതത്തെ; മൂന്നാമത്തേത് രാഷ്ട്രത്തേയും. മൂന്നുവിധം ആചാരങ്ങളുടെയും സ്ഥായിയായ അടിസ്ഥാനം പൂർവ്വികാരാധനയാണ്—സ്റ്റേററ് ഷിൻറോമതം ഗാർഹികഷിൻറോമതത്തിന്റെ പൂർണ്ണവളർച്ച വന്നെത്തിയ ഒരു രൂപമെന്നു സിദ്ധം. അതായത്, പൂർവ്വികാചാരം എന്ന ഷിൻറോമതവിശ്വാസത്തിന് വിദ്യാഭ്യാസവും മററു പ്രചാരവേലകളും മുഖേന ഗവണ്മെണ്ടിന്റെ ആഭിമുഖ്യത്തിലും ചെലവിലും പ്രചാരംസിദ്ധിച്ചതാണ് സ്റ്റേററ് ഷിൻറോമതം. ഷിൻറോ മത(ജാപ്പാൻകാരുടെ വ്യക്തിപരമായ മതവിശ്വാസ)വും സ്റ്റേററ ഷിൻറോമതവും തമ്മിലുള്ള വ്യത്യാസം ഒരു വിത്തും മരവും തമ്മിലുള്ളപോലെയാണ്. കടന്നാക്രമണസ്വഭാവം, വർഗ്ഗമഹത്വാഭിമാനം, ലോകാധിപത്യാധികാരഭാവം എന്നിവ ജാപ്പാൻകാരിൽനിന്ന് നശിപ്പിക്കണമെങ്കിലും, പ്രജാതന്ത്രസിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി ജാപ്പാനിൽ പുരോഗമനപരമായ ഒരു പരിവർത്തനം ഉളവാക്കണമെങ്കിലും സ്റ്റേററ്ഷിൻറോമതം നശിപ്പിച്ചേകഴിയൂ. അതുതന്നെയാണ് മക്കാർതർ ഇപ്പോൾ ചെയ്തിരിക്കുന്നതും.

അന്യായമായ ഒരു കടന്നാക്രമണത്തിലും യുദ്ധത്തിലും, അജ്ഞാതമായ കഷ്ടതകളിലും 720 ലക്ഷം ജനങ്ങളെ കുടുക്കിയ ഒരന്ധവിശ്വാസത്തിൽനിന്ന്—75 വർഷമായി ജാപ്പാനിൽ സ്ഥായിയായിരുന്ന മാനസികവും സാമ്പത്തികവുമായ അടിമത്തത്തിൽനിന്ന്—അവരെ ത്രാണനം ചെയ്യുന്ന ജനറൽ മക്കാർതരുടെ കല്പന ഓരോ ഗൃഹത്തിലും ചെന്നലച്ച് സ്വാതന്ത്ര്യസന്ദേശം പരത്തുന്നതാണ്. സ്റ്റേററ്ഷിൻറോ മതത്തിന് ഗവണ്മെണ്ടുഭണ്ഡാരത്തിൽനിന്ന് നൽകുന്ന സഹായധനവും മററാനുകൂല്യങ്ങളും നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നു; എല്ലാ മതവിശ്വാസങ്ങൾക്കും സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു.

ചക്രവർത്തിപദത്തേയും ഷിൻറോമതത്തേയും ജാപ്പാൻകാർ അന്യോന്യം ബന്ധിച്ചുനിർത്തിയിരിക്കയാണ്. സ്വന്തം രാഷ്ട്രീയലാഭങ്ങൾക്ക് അവർ അന്യമതങ്ങളെ അടിച്ചുതാഴ്ത്തിയിട്ടുണ്ടെങ്കിൽ ഷിൻറോമതത്തേയും അതേ ഉദ്ദേശത്തിനുതന്നെ അവർ അടിമയാക്കി നിർത്തിയിരിക്കുന്നു. ചക്രവർത്തിയാരാധന, വർഗ്ഗമഹത്വവിശ്വാസം, അന്ധമായ ദേശീയബോധം ഇവ ഷിൻറോമതാചാരങ്ങളിൽ കടന്നുകൂടിയത് അടുത്ത കാലത്തെന്നാണ് പ്രൊഫസർ ബെയ്സിൽഹാൾ, ചേമ്പർലെയിൻ മുതലായ ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ജാപ്പ് ബഹുജനങ്ങൾക്ക് യൂറോപ്യന്മാരും അമേരിക്കക്കാരുമായി വേഴ്ച ലഭിച്ചതു മുതൽ അമേരിക്കൻ പരിഷ്കാരാദർശങ്ങളെക്കാൾ യൂറോപ്യൻപരിഷ്കാരത്തിൽ അവർ ഭ്രമിച്ചുവശരായെന്നും, യൂറോപ്യമായ സകലതും അവരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചുവെന്നും, ദേശീയത്വബോധത്തിന്റെ ഈ വിനാശത്തെ ഉദ്യോഗസ്ഥവൃന്ദം സംശയദൃഷ്ട്യാ വീക്ഷിച്ചുതുടങ്ങിയെന്നും, അവർ, ബഹുജനങ്ങളിൽ വളർന്നുവന്ന യൂറോപ്യൻ പരിഷ്കാരഭ്രമത്തിനെ നശിപ്പിച്ചു അവരെ തനിദേശീയത്വത്തിൽകൂടി ചരിപ്പിക്കേണ്ടതിലേക്ക് പഴകി ദ്രവിച്ച ഷിൻറോമതത്തെ തേടിപ്പിടിച്ചു കൊണ്ടുവന്ന് തേച്ചുമിനുക്കി പുതിയൊരാകർഷകരൂപത്തിൽ ബഹുജനസമക്ഷം അവതരിപ്പിച്ചുവെന്നും ആണ് "പുതിയൊരു മതത്തിന്റെ കണ്ടുപിടുത്തം" (The Invention of a New Religion) എന്ന പുസ്തകത്തിൽ മി. ചെമ്പർലെയിൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

അങ്ങിനെ വെളിച്ചത്തു വരുത്തിയതാണ് ജാപ്പാനിലെ സ്റ്റേററ് ഷിന്റോമതം. മതാചാരങ്ങളെക്കാളും ഭൗതികമായ നേട്ടങ്ങളാണ് അതിന്റെ ലക്ഷ്യം. ജാപ്പാൻകാർ മതനിഷ്ഠയുള്ളവരല്ലെന്ന ചൊല്ല് ദൃഢപ്പെടുത്തുകയാണിതു ചെയ്യുന്നതു.

തോക്കുഗാവാ ഷോഗുൺ വംശക്കാരുടെ ആധിപത്യകാലത്തു, വിശിഷ്യ ഇയേയാസു, ഇയേമിററസു എന്നിവരുടെ കാലത്തു, ഷിന്റോ മതത്തിലെ മതപരമായ ഭാഗങ്ങളുടെ പഠനം സർവ്വത്ര പ്രചരിപ്പിക്കുവാൻ ഉത്സാഹിതമായ ശ്രമങ്ങളും നടത്തപ്പെട്ടു. അന്നു ഷോഗുൺ വംശക്കാരുടെ പട്ടാള അധികാരത്തിലായിരുന്ന ജാപ്പാനെന്നന്നാളുകൊണ്ട് ചക്രവർത്തി കിയോട്ടോവിൽ ഏകാന്തവാസം നയിക്കുകയായിരുന്നു. സാഹിത്യഗ്രന്ഥങ്ങളും ജാപ്പു ചരിത്രങ്ങളും കൂടുതലായി പഠിച്ചുതുടങ്ങിയതോടുകൂടി ജനങ്ങളുടെ ഇടയിൽ ചക്രവർത്തിയുടെ പേരിൽ അസാധാരണമായ ബഹുമാനം വളർന്നുവന്നു. പരഭക്തനായ ഇയേമിററ്സു, ഷിന്റോമതമല്ല, ബുദ്ധമതമാണ് സ്റ്റേററ് മതമെന്നു പ്രഖ്യാപിച്ചു.

എങ്കിലും ഷിന്റോ മതപഠനം സ്വകാര്യമായി തുടർന്നുവന്നു. 1863-ൽ ഷോഗുണേററ വംശത്തിന്റെ ആധിപത്യത്തെ അടിപുഴക്കി ചക്രവർത്തിയെ വീണ്ടും വാഴിക്കുവാനിടയായിത്തീർന്ന കലാപത്തിനു ജനങ്ങൾക്കു പ്രേരണനൽകിയതു പരോക്ഷമായി ഷിന്റോ മതമായിരുന്നു.

ജപ്പാനിൽ ബുദ്ധമതം പ്രചരിച്ചുതുടങ്ങിയ ആദികാലത്തു്, ജനങ്ങൾ പുതിയൊരു വൈദേശികമതത്തിൽ ഭ്രമിച്ചു ഷിന്റോമതത്തെ ത്യജിക്കുകയുണ്ടായിട്ടില്ല. നേരെമറിച്ചു രണ്ടു മതങ്ങളും തമ്മിലൊന്നുകൂടിയിണക്കുകയാണവർ ചെയ്തതു്. ചില വിശ്വാസങ്ങളിലും ആചാരങ്ങളിലും രണ്ടു മതങ്ങൾക്കും സ്ഥാനം കല്പിച്ചുകൊടുത്തു. ഉദാഹരണമായി, കാമി (ജാപ്പു ദൈവങ്ങൾ) ബുദ്ധന്റെ അവതാരങ്ങളാണെന്നവർ വിശ്വസിച്ചുതുടങ്ങി. കാമി തുടങ്ങിയവർ ബുദ്ധന്റെ രൂപത്തിൽ അവതരിക്കുമെന്നും ചിലർ വിശ്വസിക്കുന്നുണ്ട്.

ഷോഗുൺ വംശത്തിന്റെ അധ:പതനത്തോടുകൂടി ഷിന്റോമതത്തെ പുനരുദ്ധരിച്ചതിനെത്തുടർന്ന്, പ്രസ്തുത മതത്തോടുള്ള ജനങ്ങളുടെ ആവേശം നിമിത്തം ശവദാഹകർമ്മം ഷിന്റോ മതാചാരങ്ങളുടെ ഒരു ഭാഗമാക്കിത്തീർത്തു—ഷിന്റോ മതത്തിന്റെ പുതിയൊരു വികസനം! തുടർന്ന്, വിവാഹങ്ങളിൽ പൗരോഹിത്യാധികാരം ഷിന്റോ പുരോഹിതന്മാർക്ക് അനുവദിച്ചു. ഒരു കരാറെന്ന നിലയിൽക്കവിഞ്ഞ നില അതിനുമുമ്പു ജാപ്പാൻകാർ വിവാഹത്തിനു കല്പിച്ചിരുന്നില്ല! മതപ്രതിപത്തിയുടെ ബാഹ്യചിഹ്നങ്ങളായിരുന്നു ഇതെല്ലാം.

ഷിന്റോ മതം ഒരു മതമാണോ? സ്റ്റേററ് ഷിന്റോയിസത്തെ ഒരു മതമായിക്കരുതുവാൻ പാടുണ്ടോ ഇല്ലയോ എന്ന വിഷയത്തിൽ ജാപ്പാനീസ് പണ്ഡിതന്മാർക്കു തന്നെയും സംശയമുണ്ട്. മററു മതങ്ങളിലെ

അടിസ്ഥാനം സാന്മാർഗ്ഗികതത്വങ്ങളാണെങ്കിൽ ഷിന്റോയിസത്തിൽ ഇവയൊന്നുമില്ല; ഇവയെയൊഴിച്ചു നിർത്തിയുംകൊണ്ടുതന്നെ ഷിന്റോയിസത്തെ ഒരു മതമായിക്കരുതാമെങ്കിൽ, സ്റ്റേററ് ഷിന്റോയിസത്തെ ഒരു മതമായിക്കരുതുവാൻ പാടുണ്ടോ എന്നതു് വളരെ സംശയമാണ്.

ജപ്പാനെ അടക്കിഭരിക്കുന്ന സഖ്യകക്ഷികൾ സ്റ്റേററ് ഷിന്റോമതമാണു തകർത്തിരിക്കുന്നതു. ഷിന്റോയിസവും സ്റ്റേററ് ഷിന്റോയിസവും വ്യത്യസ്തമാണെന്ന് അവർ സമ്മതിച്ചിരിക്കുന്നു. അതായതു ഷിന്റോയിസം ജപ്പാൻകാർ വ്യക്തിഗതമായി വിശ്വസിക്കുന്ന സ്വകാര്യമതമാണ് എന്ന്. ഈ മതവിശ്വാസത്തെ തടയുവാൻ സഖ്യകക്ഷികൾ ഒരുക്കവുമല്ല. അതിന്റെ അർത്ഥം സ്റ്റേററ് ഷിന്റോയിസം ഒരു മതമല്ല എന്ന ജാപ്പാൻകാരുടെതന്നെ അഭിപ്രായത്തെ സഖ്യകക്ഷികൾ സമ്മതിച്ചിരിക്കുന്നുവെന്നാണ്. സ്റ്റേററിന്റെ സഹായമില്ലെങ്കിൽ ഷിന്റോമതം സംസ്കൃതജനതയുടെ ഇടയിൽനിന്ന് മാഞ്ഞുമറഞ്ഞുപോകും; എന്നാൽ അതു് അപരിഷ്കൃതരായ കാടന്മാരുടെ ഇടയിൽ സ്വകാര്യ മതമായിത്തന്നെ നിലനില്ക്കുന്നതാണ്.

സ്റ്റേററ് ഷിന്റോമതം ജനറൽ മക്കാർതർ നിഷേധിച്ചതിന്റെ ഫലമെന്തായിരിക്കും? ഷിന്റോയിസത്തിന്നു സഹായം ലഭിക്കുകയില്ലെന്നു് മാത്രമല്ല. ചക്രവർത്തി ദേവാലയങ്ങളിൽ ആരാധന നടത്തുന്നതു ഔദ്യോഗികനിലക്കായിരിക്കരുതെന്നും, വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളിൽ നിന്ന് ഷിന്റോതത്വങ്ങളെ സംബന്ധിച്ച സൂചനകൾപോലും എടുത്തുകളയണമെന്നും മക്കാർതർ അനുശാസിക്കുന്നു. "ഗ്രേറ്റർ ഈസ്റ്റ് ഏഷ്യായുദ്ധം" മുതലായ സാമ്രാജ്യാധിപത്യം കുറിക്കുന്ന വാക്കുകൾ ഔദ്യോഗികരേഖകളിൽ പ്രത്യക്ഷപ്പെടാനേ പാടില്ല. സ്റ്റേററ് ഷിന്റോ ആരാധനാസ്ഥലങ്ങളും സ്കൂളുകൾ, ആപ്പീസുകൾ, മററു സ്ഥാപനങ്ങൾ ഇവിടങ്ങളിൽനിന്നു നീക്കംചെയ്യുന്നതാണ്. ജാപ്പാൻജനത മററു ജനങ്ങളേക്കാളും ജാപ്പാൻ ചക്രവർത്തി ലോകത്തിലെ മറെറല്ലാവരെക്കാളും ഉപരിയാണെന്ന വിശ്വാസം നശിപ്പിക്കുന്നതാണ്. ചുരുക്കത്തിൽ, സ്റ്റേററ് ഷിന്റോയിസത്തിലെ പട്ടാളപ്രഭുത്വാദർശം തുടർന്നുപോകാൻ പാടില്ലെന്നർത്ഥം.

ജാപ്പാൻകാരുടെ മതവിശ്വാസങ്ങളിന്മേൽ സഖ്യകക്ഷികൾ കൈവെച്ചിരിക്കുന്നുവെന്ന ആക്ഷേപത്തിന്നു വകയില്ലെന്നു് ഇതിനകം വിശദമാകുന്നുണ്ടല്ലോ. എന്നാൽ സ്റ്റേററുവകയായി നല്കുന്ന പ്രോത്സാഹനം നിർത്തൽചെയ്യുന്നു എന്നതു് ചക്രവർത്തിക്കപമാനമാണെന്ന് സമ്മതിക്കുകതന്നെ വേണം. ചക്രവർത്തിയെ ദൈവത്വത്തിൽനിന്ന് വേർപെടുത്തി സാധാരണ മനുഷ്യന്റെ നിലയിലേക്കു കൊണ്ടുവരുവാനാണ് അവരുടെ സഖ്യശക്തികളുടെ ശ്രമങ്ങൾ നടക്കുന്നതു. ഇടക്കാലത്തേക്കു ചക്രവർത്തിയുടെ ദൈവികാധികാരങ്ങൾ തുടർന്നുപോകുവാനനുവദിച്ചിട്ടുണ്ട്. സ്റ്റേററ് ഷിന്റോ നിരോധിച്ചതു്, ജപ്പാനെ പ്രജായത്തസിദ്ധാന്തത്തിന്മേൽ പുതുക്കിപ്പണിയുവാനുള്ള ശ്രമത്തിന്റെ ഒരു ഭാഗം മാത്രമാണ്.

Use "CROWN BRAND" TILES

Managing Proprietor:—
P. K. NAIR.

REGD TRADE MARK
Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot & Branch Office at Wolfendhol Street, Colombo

14" Gauge

Perfect Model

Best quality "Crown" brand roofings and other tiles

Strong, light & non-porous.

Largely used throughout INDIA, BURMA, CEYLON & F. M. S.

Manufactured by:—
The Malabar Tile Works,
FEROKE, S. Malabar

സ്വർണ്ണം

പി. കെ. കുഞ്ഞുമുഹമ്മദ്.

സ്വർണ്ണം—ദുർല്ലഭവും അസാധാരണവുമായ മഞ്ഞനിറത്തിലുള്ള ആ ലോഹം—ഏററവും അധികം വിലപിടിച്ചതല്ലെങ്കിലും, വളരെ ആകർഷകവും ജനങ്ങൾ ഇഷ്ടപ്പെടുന്നതുമായ ഒരു വസ്തുവാണ്. മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യവും പ്രയത്നവും ചെലുത്തി ഭൂമിയിൽനിന്നും കുഴിച്ചെടുക്കപ്പെടുന്ന ആ വസ്തു—മനുഷ്യനെ അത്യാഗ്രഹിയും അനർത്ഥകാരിയുമാക്കുന്ന ആ വസ്തു—ഒരുപക്ഷെ മനുഷ്യനെ അവയിൽനിന്നും രക്ഷപ്പെടുത്തുന്നതിന്നുവേണ്ടി ഭൂമിയുടെ അന്തർഭാഗത്ത് കുഴിച്ചുമൂടപ്പെടുന്ന ആ വസ്തു—പ്രഭുത്വത്തെയും പ്രാഭവത്തെയും പ്രകടമാക്കുവാൻ മാത്രമല്ലാതെ, നാണയമെന്നനിലയിൽ ലോകത്തു എങ്ങുംതന്നെ പ്രചരിക്കപ്പെടുന്നില്ല. കാരണം അതിന്റെ ദൗർലഭ്യമല്ലാതെ മറെറാന്നുമല്ല.

രാഷ്ട്രമാകുന്ന കപ്പലിന്റെ അടിഭാരമാണ് സ്വർണ്ണം. സ്വർണ്ണം കൈവശമില്ലാത്ത ഒരു രാഷ്ട്രത്തിന്ന് അധികം കെൽപുണ്ടായിരിക്കയില്ല. ഇതുകൊണ്ടാണ് ഓരോ രാഷ്ട്രവും അതു കൂടുതൽ കൂടുതൽ കൈവശപ്പെടുത്തുന്നതിന്ന് സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാലത്താണെങ്കിൽ ഗംഭീരമായ ഒരു അന്തർരാഷ്ട്ര സ്വർണ്ണമത്സരം തന്നെ നടന്നുകൊണ്ടിരിക്കുന്നു. ഈ മത്സരത്തിൽ ഏററവും വിജയിയായിരിക്കുന്നത് അമേരിക്കയാണ്. ഇന്നു ലോകത്തിലെ സ്വർണ്ണത്തിൽ ഒരു വലിയ വിഭാഗം യുനൈറഡ് സ്റ്റേററ്സിലെ കെൻടക്കിയിലുള്ള നോക്സ് കോട്ടയുടെ അടിയിൽ ഭൂമിക്കുള്ളിലാക്കി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

സ്വർണ്ണത്തെക്കുറിച്ച് ഒരുപക്ഷെ ഇതുവരെ നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത പഴയതും പുതിയതുമായ ചില വിവരങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

ഒന്നാം ലോകമഹായുദ്ധത്തിന്നുശേഷം യുനൈറഡ് സ്റ്റെയിററ്സ് മററുരാജ്യങ്ങൾക്ക് കടംകൊടുത്തിരുന്ന യുദ്ധസാമഗ്രികളുടെ വില കിട്ടണമെന്നാവശ്യപ്പെട്ടപ്പോൾ, പണത്തിന്ന് പകരം മിക്കരാജ്യങ്ങളും കൊടുത്തതു് സ്വർണ്ണമായിരുന്നു. തന്മൂലം അക്കാലത്തു പുറമെനിന്നും അമേരിക്കയിലേക്ക് ഒരു വലിയ സ്വർണ്ണപ്രവാഹം തന്നെയുണ്ടായി. ഇതുമുഴുവൻ എന്തുചെയ്യണമെന്നറിയാതെ അമേരിക്കക്കാർ അന്ധാളിച്ചുപോയി. അവസാനം അവർ കെൻടക്കിയിലുള്ള നോക്സ് കോട്ടയുടെ അടിഭാഗത്ത് ഒരു വലിയ ഗുഹയുണ്ടാക്കി പ്രസ്തുതസ്വർണ്ണം അതിലിട്ടുമൂടി സമാധാനപ്പെട്ടു.

*　　　*　　　*

രണ്ടാം ലോകമഹായുദ്ധത്തിന്ന് ശേഷവും ഈ വിലപിടിച്ച ലോഹം—സ്വർണ്ണം—ഒരു അന്തർരാഷ്ട്രീയാസ്വാസ്ഥ്യത്തിന്ന് കാരണമായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ, ബ്രിട്ടനിൽനിന്നും ഫ്രാൻസിലേക്ക് വിമാനമാർഗ്ഗം കണക്കിലേറെ സ്വർണ്ണക്കട്ടികൾ ചുങ്കം കൊടുക്കാതെ കടത്തിയെന്നറിവായതിനാൽ, ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും രഹസ്യപ്പോലീസുകാർ അതിനെസ്സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ വ്യാപൃതരാകുകയും, അവരുടെ റിപ്പോർട്ടിനെ ആസ്പദിച്ചു നൂറുക്കണക്കായ അറസ്റ്റുകൾ നടക്കുകയും ചെയ്തിട്ടുണ്ട്.

സ്വർണ്ണത്തെക്കാൾ കൂടുതൽ ദുർല്ലഭവും വിലപിടിച്ചതുമായ ലോഹങ്ങൾ ഉണ്ടെങ്കിലും, സ്വർണ്ണം എന്നും സ്വർണ്ണമായിത്തന്നെ ഇരിക്കുന്നതാണ്. അതു് കുഴിച്ചുമൂടപ്പെടുകയാണെങ്കിൽകൂടി പുറത്തെടുക്കപ്പെടുന്ന ഏതവസരത്തിലും വിലയുള്ളതായിത്തന്നെ ഇരിക്കും. ചരിത്രാതീതകാലംമുതല്ക്കേ, മനുഷ്യനെ കണക്കിലേറെ മയക്കുകയും വിഷമിപ്പിക്കുകയും ചെയ്യുന്ന ഈ വസ്തുമൂലമായി ലോകത്തിൽ ജ്ഞാതങ്ങളും അജ്ഞാതങ്ങളുമായ എത്രയെത്ര കലഹങ്ങൾ നടന്നിട്ടില്ല! എത്രയെത്ര കാര്യസിദ്ധികൾ ഉണ്ടായിട്ടില്ല !!

"കനകംമൂലം കാമിനിമൂലം,
കലഹം പലവിധം, ഉലകിൽ സുലഭം."

ഭൂമിയുടെ അന്തർഭാഗത്തുനിന്നും സ്വർണ്ണം കുട്ടയാ

വട്ടാമ്പൊയിൽ

ചാത്തുക്കുട്ടി വൈദ്യരുടെ

പ്രസിദ്ധമായ

A. V. OIL

രക്തദൂഷ്യത്തിന്നു അത്യുത്തമം.

K. V. KRISHNAN.

THE ANGLO INDIAN PHARMACY, CALICUT.

യും പൊടിയായും കിട്ടുന്നു. ആകാശത്തുപോലും അതു വന്നുചേരുന്നു! മിന്നസോട്ട എന്ന സ്ഥലത്തുവെച്ച് വെടിവെച്ച് പിടിപ്പെടുത്ത ഒരു കാട്ടുവാത്തിന്റെ ഭക്ഷണനാളത്തിൽനിന്നും ഏഴു ചെറിയ സ്വർണ്ണക്കഷണങ്ങൾ കിട്ടിയത്രെ! ആ 7 കഷണങ്ങൾക്കുംകൂടി 70 പവൻ വിലകിട്ടിയെന്നാണു പറയപ്പെടുന്നതു.

* * *

പലതരം ആകൃതിയോടുകൂടിയ സ്വർണ്ണക്കട്ടികൾ കച്ചവടക്കമ്പോളങ്ങളിൽ ഇക്കാലത്തു കാണപ്പെടുന്നു. ഇവയിൽ തന്നെ ചെറുതും വളരെയധികം വലുതും ഉണ്ടു. ഏററവും വലിയ കട്ടിക്ക് 400 ഔൺസ് (25 റാത്തൽ) തൂക്കമുണ്ടായിരിക്കും. സാധാരണ കാലങ്ങളിൽ ഇതിന്റെ വില 2900 പവനോളം വരുന്നതാണ്. എല്ലാ രാജ്യക്കാരും ഒരേ കനത്തിലുള്ള സ്വർണ്ണക്കട്ടികളാണ് വാർക്കുന്നതെങ്കിലും, അവയുടെ ആകൃതിയിൽ മിക്കരാജ്യക്കാരുടേയും കട്ടികൾ തമ്മിൽ വ്യത്യാസമുണ്ട്. ഉദാഹരണമായി അമേരിക്കയിൽ വാർക്കപ്പെടുന്ന സ്വർണ്ണക്കട്ടികൾ, ബ്രിട്ടനിലോ, ഫ്രാൻസിലോ, റഷ്യയിലോ, തെക്കെ ആഫ്രിക്കയിലോ വാർക്കപ്പെടുന്നവയുടെ രൂപത്തിലല്ല.

* * *

സ്വർണ്ണം ധനമല്ല; പ്രത്യുത ധനികത്വത്തെ പ്രകടിപ്പിക്കുവാനുള്ള ഒരുപാധിമാത്രമാണെന്ന് ഈ യുദ്ധം ഒരിക്കൽകൂടി സ്പഷ്ടമാക്കിയിരിക്കുന്നു. സമാധാനം വീണ്ടും സ്ഥാപിതമായിരിക്കുന്നതുകൊണ്ട് അടുത്തു തന്നെ ഈ പീതലോഹം അതിന്റെ പഴയസ്ഥാനം പിടിക്കാതിരിക്കയില്ല. പട്ടിണിയാൽ പീഢിതരായിരിക്കുന്ന യൂറോപ്പിലെ മനുഷ്യർ സ്വർണ്ണത്തിന്ന് അത്യാർത്തി കാണിക്കാതിരിക്കയില്ല.

യുദ്ധം വരികയും പോകുകയും ചെയ്തേക്കാം. എന്നാൽ സ്വർണ്ണം എന്നും ഒരു മയക്കുവസ്തുവായി അവശേഷിക്കുകതന്നെ ചെയ്യും.

* ഇംഗ്ലീഷിൽനിന്ന്

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

തനി സ്വദേശി മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ

കേരള മാച്ച് ഫാക്ടറി, പൊന്നാനി, S മലബാർ.

ജാവയുടെ സ്വാതന്ത്ര്യസമരം

ബ്രിട്ടീഷ് വെടിയുണ്ടകൾക്കും ബോംബുകൾക്കും ജാവയുടെ ഏതാനും ഭാഗങ്ങളെ എരിച്ചുകളയുവാൻ കഴിയുമായിരിക്കാം; നിരപരാധികളായ ഇന്തോനേഷ്യക്കാരുടെ ജീവഹാനി വരുത്തുവാൻ സാധിച്ചേക്കാം. പക്ഷെ, വിദേശാധിപത്യത്തിന്നെതിരായി പൊരുതുന്ന ഈ ധീരോദാത്തരായ ജനതയുടെ ചൈതന്യത്തെ നശിപ്പിക്കുവാനോ ഒതുക്കുവാനോ അതുകൊണ്ടു സാധിക്കുകയില്ല. ഡാക്ടർ അബ്ദുർറഹിം സോയ്കാർനോവിന്റെ ആവേശകരവും ഉത്തേജനകവുമായ നേതൃത്വത്തിൽ ഇന്തോനേഷ്യയിലെ ദേശാഭിമാനികൾ തല കുനിക്കാതിരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. വിദേശാധിപത്യത്തേക്കാൾ അവർ മരണയാതനകളായിരിക്കും ഇഷ്ടപ്പെടുക.

ഭൂസ്ഥിതി

പടിഞ്ഞാറൻ ശക്തികളുടെ സാമ്രാജ്യത്വപരവും ഫാഷിസത്തിന്നു ചേർന്നതുമായ ഉദ്ദേശ്യങ്ങളെ തുറന്നു കാണിച്ച ജാവയെന്ന രാഷ്ട്രീയ ഡയനാമൈറ്റ് 622 നാഴിക നീളമുള്ളതും ഉഷ്ണമേഖലയിലുള്ളതുമായ ഒരു വലിയ ദ്വീപാണ്. ഏതാനും ഭാഗം അഗ്നിപർവ്വതങ്ങൾ നിറഞ്ഞതും ഒരു വലിയ ഭാഗം ചതുപ്പുനിലങ്ങളുള്ളതുമാണത്.

വിഭവങ്ങൾ

പക്ഷെ, അതു പാഴ്ഭൂമിയല്ല. സ്വർണ്ണം വെള്ളി മുതലായ വിലപിടിച്ച ലോഹങ്ങൾ ഇല്ലെങ്കിലും പെട്രോളിയം, ഗന്ധകം, കൽക്കരി മുതലായവ ധാരാളമുണ്ട്. ലോകത്തിൽ ഏറ്റവും അധികം കൊയിനാവ് ഉല്പാദിപ്പിക്കുന്ന രാജ്യം ജാവയാണ്. പഞ്ചസാര, കാപ്പി, പുകയില, ചായ, നീലം, തേക്ക് മുതലായവയാണ് മററു ഉല്പന്നങ്ങൾ

ജാവയിലെ ജനസംഖ്യ വർദ്ധിച്ചതാണ്. ജാവനീസ്, സുൻഡാനീസ്, മാഡുരീസ് എന്നീ മൂന്നു ജാതിക്കാരാണു പ്രധാന നിവാസികൾ. അവരെല്ലാം മലയാവർഗ്ഗത്തിൽപെട്ടവരാണ്. അവരിൽ മിക്കവരും മുസ്ലിംകളുമാണ്.

ചരിത്രം

ഈ ദ്വീപിന്നു സ്വന്തമായ ചരിത്രമുണ്ട്. ഈ ജനതയ്ക്കു ഉന്നത നിലയിലുള്ള ഒരു സംസ്കാരമുണ്ടായിരുന്നുവെന്നു ആദ്യകാലത്തെ പോർത്തുഗീസു സഞ്ചാരികൾതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പതിനാലാം നൂററാണ്ടിൽ അവിടെ ഹിന്ദു ആധിപത്യമായിരുന്നു. അടുത്ത നൂററാണ്ടിന്റെ അന്ത്യത്തിലാണു ഹിന്ദു ആധിപത്യത്തെ മുസ്ലിംകൾ ജയിച്ചടക്കിയതു്.

1595-ലാണു ഡച്ചുകാർ ആദ്യമായി ജാവയിലെത്തിയതു്. പക്ഷെ, ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ നെപ്പോളിയന്റെ ഭരണകാലത്തു ഫ്രഞ്ചുകാർ അവരെ പുറത്താക്കി. താമസിയാതെതന്നെ ഫ്രഞ്ചുകാരെ ബ്രിട്ടീഷുകാർ അവിടെനിന്നു തുരത്തിയെങ്കിലും ബ്രിട്ടീഷാധിപത്യം അവിടെ 'അഞ്ചുകൊല്ലമെ നിലനിന്നുള്ളൂ. കുറേ കഴിഞ്ഞപ്പോൾ ഡച്ച് ഭരണാധികാരികൾ അധികാരം കരസ്ഥമാക്കുകയും ചെയ്തു. ആദ്യം അവരുടെ ഭരണം മർദ്ദനപരമായിരുന്നുവെങ്കിലും ക്രമേണ അതു മിതമായനിലയിലുള്ളതായിത്തീർന്നു. പക്ഷെ അവർ തങ്ങളുടെ ഭൗതികമായ ചൂഷണം തുടർന്നുകൊണ്ടിരുന്നു. അങ്ങിനെ ജാവയെക്കൊണ്ടു ഹോളണ്ടു തടിച്ചുകൊഴുത്തു.

ദേശീയ പ്രബുദ്ധത

മൃദുലമായ ഭരണമാണു അവിടെ ഉണ്ടായിരുന്നതെങ്കിലും ജാവയിലെ ജനതയ്ക്കു ദേശീയ പ്രബുദ്ധതയുണ്ടാവാൻ തുടങ്ങി. ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും ഡച്ചുകാർ തടഞ്ഞു. നിയമം ലംഘിച്ചിരുന്നവരെയെല്ലാം മലേറിയയുള്ള ഒരു ദ്വീപിലേക്കു കയററി അയച്ചു. ഡാക്ടർ അബ്ദുർറഹിം സോയ്കാർനോവിനെത്തന്നെ ഒരിക്കൽ അങ്ങോട്ടയക്കുകയുണ്ടായി. പക്ഷെ അദ്ദേഹം മരണത്തിന്റെ വായിൽനിന്നു എങ്ങിനെയോ രക്ഷപ്പെട്ടു. ഡച്ചുകാരുടെ മർദ്ദനനയം സ്വതന്ത്രരായിത്തീരാനുള്ള ഇന്തോനേഷ്യക്കാരുടെ ദൃഢനിശ്ചയത്തിന്നു ശക്തികൂട്ടിയതേയുള്ളൂ.

സോയ്കാർനോ

ഡച്ച് സാമ്രാജ്യവാദികൾ ജപ്പാന്റെ പാവയെന്നു വിളിക്കുവാൻ ഇഷ്ടപ്പെടുന്ന ഡോക്ടർ അബ്ദുർ

റഹിം സോയ്കാർനോ ജാവയുടെ സ്വാതന്ത്ര്യസമരത്തിന്റെ പ്രഖ്യാതനായ പോരാളിയാണ്. അരോഗദൃഢഗാത്രനായ ഒരു പുരുഷകേസരിയാണ് അദ്ദേഹം. 1901-ൽ സുരബായയിലാണ് അദ്ദേഹം ജനിച്ചത്. സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞതിനുശേഷം അദ്ദേഹം സാങ്കേതികവിദ്യാഭ്യാസം ആരംഭിച്ചു. ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ എഞ്ചിനീയറിങ്ങ് പഠിക്കുവാനായി അദ്ദേഹം ഹോളണ്ടിലേക്ക് പോയി. പക്ഷെ അവിടെനിന്നു മടങ്ങിവന്നപ്പോൾ എഞ്ചിനീയറിങ്ങ് തൊഴിലിൽ പ്രവേശിക്കുന്നതിനുപകരം അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുകയാണുണ്ടായത്. അദ്ദേഹം ഒരു കക്ഷി രൂപീകരിച്ചു—പാർട്ടയ് നാഷനൽ ഇന്തോനേഷ്യ. പലതവണ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. പക്ഷെ, അതെല്ലാം ഡച്ചുകാരെ ജാവയിൽനിന്നു ഓടിക്കുവാനുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിനു മാററുകൂട്ടുക മാത്രമേ ചെയ്തിട്ടുള്ളൂ. തെക്കുകിഴക്കൻ ഏഷ്യയിൽ ജാപ്പ് സാമ്രാജ്യത്വം വ്യാപിക്കുന്നതിനെതിരായി 1935-ൽ അദ്ദേഹം താക്കീതുപുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

ഹോളണ്ടിനെ ജപ്പാൻ ആക്രമിച്ചപ്പോൾ, സോയ്കാർനോ ഡച്ചുകാർക്ക് തന്റെ സഹായം വാഗ്ദാനം ചെയ്യുകയുണ്ടായി. ജപ്പാനീസ് യുദ്ധം പൊട്ടിപ്പുറപ്പെട്ട അവസരത്തിൽ താൻ ഡച്ചുകാരെ സഹായിക്കാമെന്നു ഡോക്ടർ സോയ്കാർ പറഞ്ഞു. പക്ഷെ, അദ്ദേഹത്തിന്റെ നിർദ്ദേശം തള്ളപ്പെട്ടു. ജപ്പാൻകാരുടെ അധീനതയിലായിരുന്നപ്പോൾ, ഡാക്ടർ സോയ്കാർനോ സ്വതന്ത്രഇന്തോനേഷ്യൻ ഗവർമ്മേണ്ടിന്റെ തലവനായി! പക്ഷെ അദ്ദേഹം സമയം കാത്തുകൊണ്ടിരിക്കുകമാത്രമായിരുന്നു. ജപ്പാന്റെ ശക്തി ക്ഷയിച്ചുതുടങ്ങിയപ്പോൾ ജപ്പാന്റെ സൈന്യങ്ങളെ തുരത്തുവാനുള്ള ഒരു പദ്ധതി അദ്ദേഹം തയ്യാറാക്കി. സമാധാനപ്രഖ്യാപനത്തോടെ, അദ്ദേഹത്തിന്റെ പദ്ധതി പുറത്തുവന്നു. അതെ, ഡാക്ടർ സോയ്കാർനൊ പ്രസിഡണ്ടായിക്കൊണ്ടുള്ള ഒരു ഇന്തോനേഷ്യൻ റിപ്പബ്ലിക്ക് പ്രഖ്യാപിക്കപ്പെട്ടു.

സ്വതന്ത്രരാവാനുള്ള നിശ്ചയം

നിയമവും സമാധാനവും പാലിക്കുകയെന്നപേരിൽ ബ്രിട്ടൻ ഇപ്പോൾ ജാവയിൽ വീണ്ടും ഡച്ച് ആധിപത്യം പുന:സ്ഥാപിക്കുവാൻ ശ്രമിക്കുകയാണ്. പക്ഷെ ഇന്തോനേഷ്യക്കാർ സ്വതന്ത്രരാവാൻതന്നെ ഉറച്ചിരിക്കുന്നു. ഇപ്പോൾ അവർ പ്രക്ഷുബ്ധരും ആവേശഭരിതരുമാണ്. സ്വാതന്ത്ര്യപ്രസ്ഥാനം സുസംഘടിതമാണ്. ഒരു മഹിളാമണിയുടെ നേതൃത്വത്തിലുള്ള ശക്തിയേറിയ പ്രചരണയന്ത്രത്തിന്റെ ആനുകൂല്യത്തോടുകൂടിയതാണ് അത്. സർവ്വത്ര മുദ്രാവാക്യങ്ങൾ കാണാം. ചുമരുകളിലും ട്രാംകാറുകളിലുമെല്ലാം അവയുണ്ട്. അവക്ക് ഇന്ത്യക്കാർക്കെതിരായ യാതൊരു മനോഭാവവുമില്ല. തങ്ങൾക്കെതിരായി ഇന്ത്യൻ സൈന്യങ്ങളെ ഉപയോഗിക്കുന്നതിൽ അവർക്കു ശക്തിയായ വിരോധമുണ്ട്. പക്ഷെ, ഇക്കാര്യത്തിൽ ഇന്ത്യക്കാരുടെ നിസ്സഹായത അവർക്കറിയാം.

ഏററവും സ്വാധീനമുള്ള ആൾ

ഡച്ചുകാർ എന്തുതന്നെ പറഞ്ഞാലും ശരി, ജാവയിൽ ഏററവും അധികം സ്വാധീനശക്തിയുള്ള ആൾ ഡാക്ടർ സോയ്കാർനോ ആണെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിന്റെ സഹകരണത്തോടുകൂടിമാത്രമെ ജാവയിൽ ഒരു ഒത്തുതീർപ്പു സാദ്ധ്യമാകൂ. ഇന്തോനേഷ്യക്കാരുടെ അനിഷേദ്ധ്യ നേതാവാണ് ഡാക്ടർ സോയ്കാർനോ.

വിപ്ലവപരമായ രാഷ്ട്രീയസിദ്ധാന്തങ്ങളുള്ള ആളാണെങ്കിലും അദ്ദേഹം പ്രസന്നനും സുസ്മേരവദനനുമാണ്. അദ്ദേഹം വളരെ ഒതുക്കമുള്ള സ്വഭാവക്കാരനാണ്. അദ്ദേഹത്തിന്റെ ഭാര്യ (രണ്ടാമത്തേത്) സൗന്ദര്യവതിയായ ഒരു ജാപ്പനീസ് വനിതയാണ്. വളരെ സന്തുഷ്ടരായ ദമ്പതികളാണ് അവർ. അവർക്ക് ഒരു കൊച്ചുമകനുമുണ്ട്.

മുമ്പ് ഒരു ഡച്ചുകാരൻ താമസിച്ചിരുന്ന വലിയതും ശുചിയേറിയതും സർവ്വസാമഗ്രികളുള്ളതുമായ ഒരു വീട്ടിലാണ് സോയ്കാർനോ താമസിക്കുന്നത്. അദ്ദേഹത്തിനു അംഗരക്ഷകന്മാരുണ്ട്. ഇന്ത്യൻ ദേശീയസമരത്തിൽ അദ്ദേഹത്തിനു വലിയ താല്പര്യമാണ്. പക്ഷെ, ഇവിടെയുള്ള യാഥാർത്ഥ്യങ്ങൾ അദ്ദേഹത്തിനറിയുകയില്ല. കോൺഗ്രസ്സ് മാത്രമാണ് അദ്ദേഹത്തിനറിയാവുന്ന കക്ഷി. നെഹറുവിനോടു അദ്ദേഹത്തിനു വലിയ മതിപ്പാണ്.

ജാവയിലെ ഇന്നത്തെ രക്തപ്രളയത്തിനു കാരണം, ഡച്ചുകാരുടെ ഭരണം അവിടെ പുന:സ്ഥാപിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടു അവിടെ വന്നവരാണെന്നു ജാവക്കാർ സംശയിക്കുന്ന സഖ്യഭടന്മാർ ജാവയിലുള്ളതാണ്. അതുകൊണ്ടാണ് ഏററവും വാശിയോടെ പൊരുതുന്നത്. അവരുടെ ആവേശം മുഴുവൻ അവരുടെ പ്രസിഡണ്ട് നൽകിയ ഈ മുദ്രാവാക്യത്തിൽ കാണാം: "അടിമകളാകുന്നതിനേക്കാൾ നല്ലതു നരകയാതനകളാണ്."

'ഡെക്കാൻ ടൈംസി'ൽനിന്ന്.

ഹസ്റത്ത് അബൂബക്കർ സിദ്ദീഖിൻെറ വിശേഷതകൾ

എ. വി. യം. ഉണ്ണിക്കമ്മെദ്, എടവണ്ണ

ഹസ്രത്ത് അബൂബക്കർ സിദ്ദീഖ് (റ) ഖുറൈശികളുടെ കൂട്ടത്തിൽ ബഹുമാന്യനും, ധനികനുമായിരുന്നു. അവരുടെയിടയിൽ വ്യാപിച്ചിരുന്ന വിഗ്രഹാരാധന, മദ്യപാനം, വ്യഭിചാരം ആദിയായ ദുരാചാരങ്ങളൊന്നും അദ്ദേഹത്തെ സ്പർശിച്ചിരുന്നില്ല. തുണിക്കച്ചവടമായിരുന്നു, അദ്ദേഹത്തിൻെറ ജോലി. മുതിർന്ന പുരുഷന്മാരിൽ ഒന്നാമതായി ഇസ്ലാംമതം സ്വീകരിച്ചതു് അദ്ദേഹമത്രെ. അദ്ദേഹത്തിൻെറ മാതാവ്, ഉമ്മുൽഖൈറും, പിതാവ് അബൂകുഹാഫയും, പുത്രൻ അബ്ദുറഹ്മാനും (റ: ഹും) ഇസ്ലാംമതാവലംബികളായിരുന്നു.

ഇസ്ലാംമതം സ്വീകരിച്ചതോടുകൂടി അതിൻെറ വളർച്ചക്കും, ഉയർച്ചക്കുംവേണ്ടി ഹ: അബൂബക്കർ സിദ്ദീഖ് ചെയ്ത പരിശ്രമങ്ങളും, ത്യാഗങ്ങളും അവർണ്ണനീയമാണ്, അദ്ദേഹത്തിൻെറ അവിശ്രമപരിശ്രമത്താലാണ്, ഉസ്മാനുബ്നു അഫ്ഫാൻ, സുബൈറുബ്നുൽ അവ്വാം, സഅദിബ്നു അബീവഖാസ്, തൽഹത്തുബ്നു ഉബൈദില്ല (റ: ഹും) തുടങ്ങിയുള്ള മഹാന്മാർ ഇസ്ലാംമതത്തിൽ പ്രവേശിച്ചതു്. മാതാവ് ഉമ്മുൽഖൈർ ഇസ്ലാംമതം വിശ്വസിച്ചതും—അദ്ദേഹത്തിൻെറയല്ലാതെ—മററാരുടെയും ഉദ്യമംകൊണ്ടല്ല. പിതാവ് * അബൂകുഹാഫയുടെ മതപരിവർത്തനത്തിലും വേറെ ആർക്കും പങ്കില്ല.

ഇസ്ലാംമതപ്രചരണത്തിൻെറ ആദ്യദശയിൽ പാവനമായ ആ മതം സ്വീകരിച്ച ഏകകാരണത്താൽ, അനേകം അടിമകളെ അവരുടെയജമാനന്മാർ—മക്കയിലെ മുതലാളി മൂർഖന്മാർ—അതിരററുപദ്രവിച്ചു. അങ്ങനെ കഷ്ടപ്പെട്ടുവലഞ്ഞ പല അടിമകളെയും ദീനബന്ധുവായ അബൂബക്കർസിദ്ദീഖ് വിലകൊടുത്തു വാങ്ങി വിമോചിപ്പിച്ചു. അവരിലൊരാളാണ്, പ്രസിദ്ധനായ ഹസ്രത്ത് ബിലാൽ (റ)—

ക്രൂരന്മാരായ ഖുറൈശികൾ മുസ്ലിം അടിമകളെ മാത്രമല്ല മററുള്ളവരെയും ദ്രോഹിച്ചുതുടങ്ങി. ദ്രോഹം സഹിപ്പാൻ സാധിക്കാതെ അവർ അബിസീനിയായിലും, മദീനയിലും ചെന്നഭയം പ്രാപിച്ചു. ഒടുവിൽ റസൂൽ (സ) തിരുമേനിയും, അബൂബക്കർസിദ്ദീഖ്, അലിയ്യ്ബ്നു അബീതാലിബ് (റ. ഹും) എന്നിവരുംമാത്രം മക്കത്തുശേഷിച്ചു. തദവസരത്തിൽ ശത്രുക്കൾ തിരുമേനിയെവധിപ്പാൻ വട്ടംകൂട്ടിയതറിഞ്ഞു, തിരുമേനി അർദ്ധരാത്രിയിൽതന്നെ ഗൂഢമായി മദീനയിലേക്കുപോയി. ആ അത്യാപൽഘട്ടത്തിലും തിരുമേനിയുടെ ആത്മബന്ധുത്വം വഹിച്ച് അവിടുത്തെ അംഗരക്ഷകനെന്നനിലയിൽ ഒന്നിച്ചുണ്ടായിരുന്നതു് ഹ: അബൂബക്കർ സിദ്ദീഖാണ്.

അനന്തരം റസൂൽകരീം നടത്തിയ ധർമ്മസമരങ്ങളിലെല്ലാം അബൂബക്കർസിദ്ദീഖ് അത്യന്തം ധൈര്യത്തോടും, സ്ഥൈര്യത്തോടുംകൂടി പങ്കെടുത്തു. ഉഹദ് യുദ്ധമദ്ധ്യേ മുസ്ലിംകൾക്ക് നേരിട്ട അപജയവേളയിൽ—പ്രാണരക്ഷയ്ക്കു ഓടിപ്പോവുകയേ നിവൃത്തിയുള്ളൂവെന്നു കണ്ടു പലരും ഓടിയ ആ ഭയങ്കരാവസരത്തിൽ—പോലും സിദ്ദീഖ്, ശത്രുക്കളോടു കഠിനമായി അടരാടി. ഹുനൈൻ യുദ്ധത്തിൻെറ ആരംഭത്തിൽ ശത്രുക്കളുടെ ശക്തിമത്തായ ശരമാരിനിമിത്തം മുസ്ലിമീങ്ങൾ അല്പമൊന്നു പിന്മാറിയ ആ അപകടസമയത്തും, അബൂബക്കർ സിദ്ദീഖ് യഥാസ്ഥാനത്തു്നിന്നിളകാതെ അനിതരസാധാരണമായ പരാക്രമത്തോടുകൂടി പൊരുതാതിരുന്നില്ല.

റസൂൽ തിരുമേനിയുടെ അവസാനത്തെ യുദ്ധയാത്രയ്ക്കു—തബൂക്ക് യുദ്ധയാത്രയ്ക്കു—കുറേ ധനം ശേഖരിക്കേണ്ടിവന്നപ്പോൾ, ഓരോരുത്തരും തങ്ങളാൽ കഴിയുന്ന ധനസഹായം ചെയ്യണമെന്നു തിരുമേനി അനുയായികളോടാവശ്യപ്പെട്ടു. ഹസ്രത്ത് ഉസ്മാൻ (റ) 900 ഒട്ടകങ്ങളും, 10,000 ദിർഹവും നൽകി. ഹ: അബ്ദുറഹ്മാൻ (റ) 40,000 ദിർഹംകൊടുത്തു. ഹ: ഉമർ (റ) തൻെറ മുതലിൻെറ നേർപകുതി സംഭാവന ചെയ്തു. ഹ: അബൂബക്കർ (റ) ആവട്ടെ, തൻെറ പക്കലുള്ള മുതൽ മുഴുവനും സമർപ്പിച്ചു;

റസൂൽ തിരുമേനി മദീനയിൽവന്നു ഇസ്ലാമികഭരണം സമാരംഭിച്ചപ്പോൾ, അതിൻെറ സചിവോ

---

* അബൂകുഹാഫ ഇസ്ലാംമതം അംഗീകരിച്ചതു്, ഹിജ്റ 8ൽ ചരിത്രപ്രസിദ്ധമായ മക്കാവിജയത്തിനു ശേഷമാണ്. ഹി: 14ൽ 97-ാമത്തെ വയസ്സിലാണ്, ആ വയോധികവന്ദ്യൻ കാലഗതിയടഞ്ഞതു്. രഹസ്യമായ മതപ്രബോധനകാലത്തുതന്നെ ഇസ്ലാംമതം കൈക്കൊണ്ട ഉമ്മുൽഖൈർ, അബൂകുഹാഫയ്ക്കു അല്പംമുൻപ് ഇഹലോകവാസം വെടിഞ്ഞു: 13-ാം കൊല്ലത്തിൻമദ്ധ്യത്തിലാണല്ലോ പരലോകഗതനായതു്.

ത്തമനായി സമുല്ലസിച്ചിരുന്നതും ഹ: അബൂബക്കർ സിദ്ദിഖല്ലാതെ മറ്റാരുമല്ല. തിരുമേനി ഏതു കാര്യവും അദ്ദേഹത്തോടാലോചിക്കാതെ പ്രവർത്തിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിന്ന് അവിടുന്ന് എപ്പോഴും പ്രാധാന്യം നൽകിയിരുന്നു. ബദർയുദ്ധത്തിൽ ശത്രുക്കളിൽ 70 പേരെ പിടിച്ചു ബന്ധിച്ചു. അവരെ എന്തു ചെയ്യണമെന്നു തിരുമേനി അനുചരന്മാരോടാലോചിച്ചു. ഹ: ഉമർ വികാരാവേശത്തോടുകൂടി അഭിപ്രായപ്പെട്ടു, അവരെയൊക്കെ വധിക്കണമെന്ന്. "അരുത്, അവരിൽനിന്നു അവസ്ഥാനുസൃതം മോചനമൂല്യം മേടിച്ചു അവരെ വിട്ടയക്കേണ്ടതാണെ"ന്നായിരുന്നു ഹ: അബൂബക്കർ സിദ്ദിഖിന്റെ അഭിപ്രായം. തിരുമേനി ഈ അഭിപ്രായത്തെയാണ് അംഗീകരിച്ചതെന്നു പറയേണ്ടതില്ലല്ലോ.

ധർമ്മോദ്ധാരകനായ റസൂൽകരീം അന്തരിച്ചശേഷം അവിടുത്തെ പ്രതിപുരുഷനായി—ഖലീഫയായി—ഹ: അബൂബക്കർ സിദ്ദിഖ് തന്നെ തെരഞ്ഞെടുക്കപ്പെട്ടു. ആ സന്ദർഭത്തിൽ അദ്ദേഹം ഹൃദയംഗമമായ ഒരു പ്രസംഗം ചെയ്തു 'നിങ്ങളുടെ ഭരണാധിനാഥനായി അഥവാ ഖലീഫയായി എന്നെ തെരഞ്ഞെടുത്തിരിക്കുന്നു. ഞാനീസ്ഥാനത്തിന്നാഗ്രഹിച്ചിട്ടില്ല. ഈ മഹനീയസ്ഥാനം ലഭിച്ചതുകൊണ്ട് വാസ്തവത്തിൽ എനിക്കു യാതൊരു സന്തോഷവും ഇല്ല. ഇതുമൂലം ഗൗരവാവഹമായ ഒരു ഭാരമാണ് നിങ്ങൾ എന്റെ ചുമലിൽ വെച്ചിരിക്കുന്നത്. ഈ മഹാഭാരം യഥോചിതം വഹിക്കത്തക്ക പ്രാപ്തി എനിക്കില്ല. നിങ്ങൾ എല്ലാവരും എന്നെ സഹായിക്കുമല്ലോ. നീതിപാലനത്തിൽനിന്നു ഞാൻ വ്യതിചലിച്ചുപോകുന്നതായാൽ നിങ്ങളെന്നെ നേരെയാക്കണം. അല്ലാഹുവിനെയും, റസൂൽതിരുമേനിയെയും ഞാൻ അനുസരിക്കുന്ന കാലത്തോളം നിങ്ങളും എന്നെ അനുസരിക്കണം. അവരെ ഞാൻ അനുസരിക്കുന്നില്ലെങ്കിൽ, ഉടനെ നിങ്ങളെന്നെ ഉപേക്ഷിക്കണം.' ഇതാണ് ആ പ്രസംഗസാരം.

രണ്ടേകാൽകൊല്ലം മാത്രമേ ഹ: അബൂബക്കർ സിദ്ദിഖ് ഖലീഫയായി വാണിട്ടുള്ളൂ. അക്കാലത്തിന്നിടയിൽ തന്നെ അദ്ദേഹം അനേകം മഹാകൃത്യങ്ങൾ നിർവ്വഹിച്ചു. റസൂൽ തിരുമേനിയുടെ നിര്യാണത്തെ തുടർന്നുണ്ടായ അന്തഃഛിദ്രങ്ങളെയും, അഭ്യന്തരകലഹങ്ങളെയും അടക്കിയൊതുക്കി കപടപ്രവാചകന്മാരുടെ പരാക്രമങ്ങളെ നിശ്ശേഷം നശിപ്പിച്ചു. ഏതൊരു ധീരനെയും പരവശനും പരിഭ്രമവശഗനുമാക്കിത്തീർക്കുന്ന വമ്പിച്ച കുഴപ്പങ്ങളും, കലഹകോലാഹലങ്ങളുമാണ് അദ്ദേഹത്തിന്റെ മുമ്പിൽ നടമാടിയിരുന്നത്. അവയെല്ലാം അദ്ദേഹം അടക്കി, ഇസ്ലാമികഭരണസൗധത്തെ കെട്ടിപ്പൊക്കി. രണ്ടാംഖലീഫയായ ഹ: ഉമർഫാറൂഖ്, അദ്ദേഹത്തെ സ്മരിച്ചു ഇങ്ങനെ പറയാറുണ്ടായിരുന്നു:—'അബൂബക്കർ സിദ്ദിഖ് ആപൽസങ്കീർണ്ണമായ ഹിജ്റയിൽ തിരുമേനിയുടെ ഒന്നിച്ചുനിന്നു. ഖിലാഫത്തിന്റെ പ്രാരംഭത്തിൽ അന്യാദൃശമായ ധീരതയോടും, സ്ഥിരതയോടുംകൂടി അനേക വിപത്തുകളെയും, വിപരീതശക്തികളെയും തട്ടിത്തകർത്തു. ഈ രണ്ടു സംഗതികൾതന്നെ ഞാൻ ഇതുപര്യന്തം ചെയ്ത എല്ലാ ശ്രേഷ്ഠകൃത്യങ്ങളെക്കാളും മികച്ചുനില്ക്കുന്നു.'

അക്കാലത്ത് ഇസ്ലാംമതത്തിന്റെ മൂലപ്രമാണമായ വിശുദ്ധഖുർആൻ മുഴുവനും ഒരു ഗ്രന്ഥമായി രൂപീകരിച്ചിരുന്നില്ല. അതിന്റെ ചിലഭാഗങ്ങൾ ചിലരുടെയും മറ്റുഭാഗങ്ങൾ വേറെ ചിലരുടെയും പക്കലായിരുന്നു. എന്നാൽ ഖുർആൻ ആദ്യന്തം ഹൃദിസ്ഥമാക്കിയവരുമുണ്ടായിരുന്നു. അവരിൽ കുറേപേർ യുദ്ധത്തിൽ വധിക്കപ്പെട്ടുപോയി. അപ്പോഴാണ് ഖുർആൻ ഗ്രന്ഥസ്വരൂപണത്തിന്റെ ആവശ്യകതയെക്കുറിച്ചു ചിന്തിച്ചത്. വിളംബംവിനാ അബൂബക്കർ സിദ്ദിഖ് അതിന്നു സമർത്ഥന്മാരായ ആളുകളെ നിയമിച്ചു, അതിന്റെ എല്ലാഭാഗങ്ങളും ഒന്നിച്ചുചേർത്ത് ഒരു ഗ്രന്ഥമായി എഴുതിച്ചുവെച്ചു.

വിശുദ്ധ ഖുർആനും, റസൂൽ തിരുമേനിയുടെ ഹദീസും (പ്രബോധനവും, പ്രവൃത്തിയും, അനുവാദവും, അഭീഷ്ടവും) അനുസരിച്ചുകൊണ്ടാണ് സിദ്ദിഖ് ഭരണം നടത്തിയിരുന്നത്. ആ നിഷ്ഠയിൽനിന്നു അദ്ദേഹം ഒരിക്കലും വ്യതിചലിച്ചിരുന്നില്ല. അദ്ദേഹത്തിന്നു പ്രശസ്തമായ ഒരാലോചനാസമിതിയുണ്ടായിരുന്നു. അവരുമായി ആലോചിച്ചു അവരുടെ ഭൂരിപക്ഷപ്രകാരമാണ് കാര്യങ്ങൾ തീരുമാനിച്ചിരുന്നത്. എങ്കിലും ഒരു കാര്യത്തെപ്പറ്റി തീരുമാനിക്കുമ്പോൾ അദ്ദേഹം ആദ്യമായി വിശുദ്ധഖുർആൻ പരിശോധിച്ചുനോക്കും. അതിൽ അതിനെസ്സംബന്ധിച്ച് ഒന്നും കാണുന്നില്ലെങ്കിൽ പിന്നെ ദൃഷ്ടിപതിപ്പിക്കുക, ഹദീസ് ശരീഫിലേക്കാണ്. അതിലും ആ വിഷയത്തെക്കുറിച്ചു ഒന്നും കാണാത്തപക്ഷം അക്കാര്യം ആലോചനാസമിതിയുടെ അഭിപ്രായത്തിന്നു വിട്ടുകൊടുക്കും. റസൂൽ തിരുമേനിയുടെ പ്രധാനശിഷ്യന്മാരെല്ലാം ആ സമിതിയിൽ സമ്മേളിക്കുന്നതാണ്. അവരോരോരുത്തരും ഗാഢമായി ചിന്തിച്ചു അവരവരുടെ അഭിപ്രായം പറയും. അവരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം അംഗീകരിക്കപ്പെടും. വിശുദ്ധ ഖുർആനിലോ, ഹദീസ് ശരീഫിലോ ഉള്ള വ്യക്തമായ നിയമത്തിന്നും, നിർദ്ദേശത്തിന്നും യോജിക്കാത്ത വല്ലതും സമിതി ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടാൽകൂടി അതിനെ സിദ്ദിഖ് നിരാകരിക്കും.

സിറിയയിലെ ശത്രുക്കളുടെ ആക്രമണത്തെ അടക്കേണ്ടതിന്ന് അതിർത്തിയിലേക്കയപ്പാനുദ്ദേശിച്ചു റസൂൽ തിരുമേനി, പരലോകപ്രാപ്തനാകുംമുൻപ് ഹസ്ര

ത്ത് ഉസാമത്തിൻെറ നേതൃത്വത്തിൽ വലിയൊരു സൈന്യത്തെ സജ്ജീകരിച്ചിരുന്നു. ആയവസരത്തിലാണ് തിരുമേനിയ്ക്കു രോഗം ബാധിച്ചതു്. തന്നിമിത്തം ആ സൈന്യയാത്ര തല്ക്കാലം നിർത്തിവെച്ചു. തിരുമേനിയുടെ ശീലായ്മ വർദ്ധിച്ചു, അവിടുന്ന് പരലോകം പ്രാപിച്ചു. ഹ: അബൂബക്കർ സിദ്ദീഖ് ഖലീഫയായി. ഉടനെ അദ്ദേഹം ആ സൈന്യസമൂഹത്തെ സിറിയായിലേക്കയച്ചു.

അറേബ്യായുടെ നാനാഭാഗത്തും മാത്രമല്ല, മദീനയുടെ ചുററും നൂതനമായ പല കുഴപ്പങ്ങളും, കലഹസന്നാഹങ്ങളും വളർന്നു പരന്നുവരുന്ന ഈ സന്ദർഭസന്ധ്യയിൽ, സിറിയൻ അതിർത്തിയിലേക്കു നമ്മുടെ വലിയൊരു സൈന്യവിഭാഗത്തെ അയച്ചുകൂടാ എന്നു തിരുമേനിയുടെ ശിഷ്യപ്രധാനന്മാരെല്ലാം ഐകകണ്ഠ്യേന വാദിക്കുകയുണ്ടായി. അബൂബക്കർ സിദ്ദീഖ് ആ വാദത്തെ ബലമായി പ്രതിഷേധിച്ചു. റസൂൽ തിരുമേനിയുടെ ഉദ്ദേശ്യത്തെ ഞാനൊരിക്കലും അവഗണിക്കയില്ല. എന്താപത്തുനേരിട്ടാലും ഞാനതു നിറവേററും' എന്നു അവരോടു് സഗൗരവം പ്രസ്താവിച്ചു.

പിന്നീടു അവർ ഉസാമത്തിനെ മാററി കുലീനനും, കൂടുതൽ യോഗ്യനുമായ മറെറാരാളെ സേനാധിപനായി നിശ്ചയിക്കേണമെന്നാവശ്യപ്പെട്ടു. അതിനും സിദ്ദീഖ് അനുകൂലിച്ചില്ല. തിരുമേനി സൈന്യാധിപനായി നിശ്ചയിച്ച ഒരാളെ ആ സ്ഥാനത്തുനിന്നു ഞാൻ നീക്കുകയില്ല എന്നാണദ്ദേഹം വീണ്ടും ദൃഢസ്വരത്തിൽ പ്രസ്താവിച്ചതു്.

സൈന്യത്തെ അയച്ചപ്പോൾ ഖലീഫ കുറേദൂരം അവരെ അനുഗമിച്ചു. ഉസാമത്തു കേറിയിരുന്ന കുതിരയുടെ ചാരെയാണ് അദ്ദേഹം നടന്നതു്. അപ്പോൾ ഉസാമത്ത് അഭ്യർത്ഥിച്ചു:—താങ്കൾ കുതിരപ്പുറത്തു കയറുകയോ, അല്ലെങ്കിൽ എന്നെ ഇതിന്മേൽനിന്നിറങ്ങാനനുവദിക്കുകയോ ചെയ്യണമെന്ന്. ആ അഭ്യർത്ഥനയെയും സിദ്ദീഖ് തിരസ്കരിച്ചു. മടങ്ങിപ്പോരുന്ന അവസരത്തിൽ അദ്ദേഹം സേനാധിപനെയും, സൈന്യസമൂഹത്തെയും അഭിവീക്ഷിച്ചുപദേശിച്ചു:—'നിങ്ങൾ ആരെയും വഞ്ചിക്കരുതു്; സത്യത്തിൽനിന്നു തെല്ലും ഇളകിപ്പോകരുതു്; ആരുടെയും അവയവങ്ങൾ ഛേദിക്കരുതു്; വൃദ്ധന്മാരെയും, സ്ത്രീകളെയും, കുട്ടികളെയും വധിക്കരുതു്; ഈന്തവൃക്ഷങ്ങൾ മുറിക്കരുതു്; ഫലവൃക്ഷങ്ങളൊന്നും നശിപ്പിക്കരു

70-ൽ പരം വർഷങ്ങളായി.

ഓറിയൻറൽ

അസംഖ്യം ഭവനങ്ങൾക്കും കുടുംബങ്ങൾക്കും സമാധാനവും
സുരക്ഷിതാവസ്ഥയും സംജാതമാക്കിയിരിക്കുന്നു.
1944-ൽ മാത്രം 87,398 പോളിസി ഉടമസ്ഥന്മാർക്ക്
ഏകദേശം 22,00,00,000 രൂപയുടെ ഉറപ്പു നൽകയിട്ടുണ്ട്.

ഫണ്ട് $36\frac{3}{4}$ കോടിയിൽ അധികരിച്ചു

നിങ്ങളുടെ എല്ലാ ജീവിതരക്ഷാേയാഗ ഏർപ്പാടുകൾക്കും ഞങ്ങളെ സമീപിക്കുന്നതു
നിങ്ങൾക്കു ആദായകരമായിരിക്കും

ഓറിയൻറൽ

ഗവമ്മെൻറു സെക്യൂറിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)
1874-ൽ ഇന്ത്യയിൽ റജിസ്റ്റർചെയ്യപ്പെട്ടതു്
ഹെഡ് ആഫീസ് : ബോംബെ
ബ്രാഞ്ച് ആഫീസ് :—8/54 ജെയിൽ റോഡ്, കോയമ്പത്തൂർ.

ത്; ആഹാരത്തിന്നത്യാവശ്യമായ ആട്ടുമാടുകളെയും, ഒട്ടകങ്ങളെയും മാത്രമേ അറുക്കാവൂ; സന്യാസിമാരെ ദ്രോഹിയ്ക്കരുത്. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചു നിങ്ങൾ മുന്നോട്ടു പോകുവിൻ. ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും, ആയുധങ്ങളിൽനിന്നും അല്ലാഹു നിങ്ങളെ രക്ഷിയ്ക്കും.'

മഹാമനസ്കനായ അബൂബക്കർ സിദ്ദീഖിന്റെ നിഷ്പക്ഷപാതിത്വവും, ന്യായപരിപാലനവും അത്യധികം അഭിനന്ദനീയവും, ആദരണീയവുമായിരുന്നു. ഫിദകിലും മററും ഉണ്ടായിരുന്ന ചില സ്ഥാവരസ്വത്തുക്കളുടെ ആദായംകൊണ്ടാണ് റസൂൽ തിരുമേനി കാലക്ഷേപം കഴിച്ചിരുന്നത്. തിരുമേനിയുടെ നിര്യാണാനന്തരം ആ സ്വത്തുക്കൾ ഇസ്ലാമിക നിയമാനുസരണം അവകാശികൾക്ക് ഭാഗിച്ചുകൊടുക്കണമെന്നു അവിടുത്തെ ഓമനകുമാരിയും, തന്റെ അകൈതവസ്നേഹബഹുമാനഭാജനവുമായ ഫാത്തിമബീവി, (റ) സിദ്ദീഖിനെ അറിയിച്ചു. അപ്പോൾ അദ്ദേഹം, അനന്തരാവകാശക്രമമനുസരിച്ചു ഭാഗിച്ചുകൊടുക്കുന്ന സ്വത്തുക്കളൊന്നും നബിമാർക്കില്ലെന്നും, അവരുടെ പിന്നിൽ ശേഷിക്കുന്ന സ്വത്തുക്കളെല്ലാം ധർമ്മവിഷയത്തിൽ വ്യയംചെയ്യേണ്ടതാണെന്നും തെളിയിക്കുന്ന തിരുമേനിയുടെ ഒരു പ്രസിദ്ധവചനത്തെ അനുസ്മരിപ്പിച്ചു, ആ സ്വത്തുക്കൾ അങ്ങനെ വീതിച്ചുകൊടുപ്പാൻ നിവൃത്തിയില്ലെന്നു പറഞ്ഞു. ഹസ്രത്ത് ഫാത്തിമബീവിയോടെന്നല്ല, മററവകാശികളോടും, തിരുമേനിയുടെ പ്രിയപത്നിയായിരുന്ന തന്റെ വത്സലപുത്രി ഹസ്രത്ത് ആയിശബീവിയോടും ഈ സമാധാനംതന്നെയാണദ്ദേഹം പറഞ്ഞത്.

നിഷ്കളങ്കഹൃദയനും, നീതിനിഷ്ഠനുമായ അബൂബക്കർ സിദ്ദീഖ് (റ) അഗതികളുടെയും, ദുഃഖിതരുടെയും പരമബന്ധുവായിരുന്നു. ഭരണകാര്യത്തിൽനിന്നു ഒഴിവുകിട്ടുമ്പോഴൊക്കെ അദ്ദേഹം അവരവരുടെ അവശതകളെ നേരിട്ടന്വേഷിച്ചു, അവർക്കുവേണ്ട സഹായസഹകരണങ്ങൾ ചെയ്യുമായിരുന്നു. മദീനയുടെ അടുത്ത ഒരു ഗൃഹത്തിൽ, കേവലം ദരിദ്രയും, അന്ധയുമായ ഒരു സാധുവൃദ്ധ താമസിച്ചിരുന്നു. ഹസ്രത്ത് ഉമർ ദിവസേന രാവിലെ അവിടെച്ചെന്നു ആ സ്ത്രീയ്ക്കു വേണ്ട ആഹാരം കൊടുത്തു, അവരെ ശുശ്രൂഷിയ്ക്കും. എന്നാൽ താൻ വരുന്നതിനു മുൻപേ വേറെ ആരോ ഒരാൾ അവിടെയെത്തി ആ വൃദ്ധയെ പരിചരിക്കാറുണ്ടെന്നു മനസ്സിലാക്കി അതാരാണെന്നദ്ദേഹം വൃദ്ധയോടു ചോദിച്ചു. വൃദ്ധ പറഞ്ഞു:—ആ ദയാലുവിന്റെപേർ ഞാൻ ചോദിച്ചപ്പോൾ 'അല്ലാഹുവിന്റെ ഒരു വിനീതദാസൻ' എന്നേ അദ്ദേഹം പറഞ്ഞുള്ളൂ.' അതാരാണെന്നറിയുവാനുള്ള ഉൽകണ്ഠ വർദ്ധിച്ചു ഉമർ പിറേറന്നു നന്നേ രാവിലെതന്നെ സ്ഥലത്തെത്തി, ആ പരിചാരകപ്രവീണനെ കണ്ടുപിടിച്ചു. ആത്മത്രാണനോൽസുകനായ ഖലീഫ അബൂബക്കർ സിദ്ദീഖായിരുന്നു അത്. ഭാരമേറിയ ഭരണം നിർവ്വഹിക്കുന്നമദ്ധ്യേ അദ്ദേഹം ഇത്തരം സാധുജനസേവനങ്ങൾകൂടി നടത്തുന്നുണ്ടല്ലോ എന്നോർത്തു ഉമർ ആശ്ചര്യഭരിതനായി.

ഖലീഫയായിട്ടും ഏററവും ലളിതവും, വിനീതവുമായ രീതിയിലായിരുന്നു, ഹ: അബൂബക്കർ സിദ്ദീഖിന്റെ ജീവിതം. പട്ടും കസവും ആ രാജർഷി ഉപയോഗിച്ചിരുന്നില്ല. കനകകിരീടം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അനാവശ്യമായ ആഡംബരങ്ങളെയും, ദുർവ്യയങ്ങളെയും ആ നിർമ്മലചരിതൻ വെറുത്തുതള്ളി; ഏതുതരം ജോലിയും സ്വന്തംകൈയാൽ നിർവ്വഹിച്ചു. തന്റെ വസ്ത്രം അലക്കുകയും, വീടു അടിച്ചുവാരുകയും മററും ചെയ്തിരുന്നതു വൃദ്ധനായ ആ ഖലീഫ തന്നെയായിരുന്നു! തന്നെക്കൊണ്ടു കഴിയുന്ന ജോലികൾ താൻതന്നെ ചെയ്യണമെന്നായിരുന്നു, ആ മഹാശയന്റെ ആദർശം.

* * * *

മെലിഞ്ഞ ശരീരം, ഒട്ടിയ കവിൾത്തടങ്ങൾ, പ്രഭാമിളിതമായ വിലോചനങ്ങൾ, വിശാലഭാസുരമായ ഫാലം ഇവയായിരുന്നു, അബൂബക്കർ സിദ്ദീഖിന്റെ ആകൃതിവിശേഷങ്ങൾ. അദ്ദേഹത്തിന്റെ അനന്യസാധാരണമായ മുഖശ്രീയെ പല കവികളും വർണ്ണിച്ചിട്ടുണ്ട്. വെഞ്ചാമരംപോലെ മനോഹരമായ അദ്ദേഹത്തിന്റെ താടിയ്ക്കു ചുകപ്പു ചായം കൊടുത്തിരുന്നു. 'നിഅ്മൽ കാദിറല്ല്' (അല്ലാഹു എത്ര നല്ല സർവ്വശക്തൻ) എന്ന വാക്യം കൊത്തിയ ഒരു മോതിരം അണിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മതഭക്തിയ്ക്ക് അതിരും, അളവുമുണ്ടായിരുന്നില്ല. രാത്രി ഒട്ടുനേരം അദ്ദേഹം ഉറക്കമൊഴിച്ചു അല്ലാഹുവിനെ ആരാധിക്കുകയും, പകൽ നോമ്പു നോൽക്കുകയും ചെയ്തിരുന്നു. തന്റെ ആചാര്യവര്യൻ—ലോകൈകമഹാഗുരു, റസൂൽ തിരുമേനി—ഏതു പാതയിൽ ഗമിച്ചുവോ, ആ സന്മാർഗ്ഗപാതയെ അശേഷം പിഴക്കാതെ അദ്ദേഹവും പിന്തുടന്നു. തിരുമേനിയെപ്പോലെ അദ്ദേഹവും 63-ാമത്തെ വയസ്സിൽ അന്തരിച്ചു. ജീവിതകാലത്ത് തിരുമേനിയുടെ സന്തതസഹചാരിയായിരുന്നപോലെ മരണശേഷവും അവിടുത്തെ സമാധി (റൗസ) സ്ഥാനത്തിന്നു സമീപം തന്നെ അദ്ദേഹവും സമാധിസ്ഥനായിരിക്കുന്നു. അതാ! അവിടെ, ആ മഹത്തായ അറേബ്യൻ മണലരണ്യത്തിന്റെ വടക്കുഭാഗത്തുകാണുന്ന പരിശുദ്ധനഗരി മദീനയിൽ പ്രസ്തുത സമാധിസ്ഥാനങ്ങൾ ഇന്നും ശാന്തസുന്ദരമായി, സുരക്ഷിതമായി പരിലസിക്കുന്നു!

ബാലപംക്തി

ഹിന്ദുമുസ്ലിം മൈത്രി

മിസ്സിസ് പി. കെ. വാരിയർ

പ്രിയപ്പെട്ട സഹോദരങ്ങളേ!

ഈ സാധു സഹോദരിയുടെ സങ്കടത്തെ നിങ്ങൾ സദയം മനസ്സിരുത്തി കേൾക്കേണമേ.

നമ്മളെല്ലാവരും ഭാരതഭൂമിയുടെ സന്താനങ്ങളാണ്. നമ്മൾ തമ്മിൽ കലഹിച്ചാൽ മാതൃഭൂമിയുടെ സ്ഥിതി എന്താവും? മക്കൾ തമ്മിലുള്ള മത്സരംപോലെ ഹൃദയഭേദകമായ ഒരു സംഗതി ഒരമ്മക്ക് മററെന്താണുള്ളത്? ഇങ്ങിനെ ഭാരതജനനിയെ നമ്മൾ ദുഃഖിപ്പിക്കാമൊ? മാതൃഭൂമിയെ മാന്യനിലയിലിരുത്തി ശുശ്രൂഷിക്കുന്നതല്ലെ പുത്രധർമ്മം? ഇതെല്ലാം ഇന്ന് പലക്കും ബോദ്ധ്യമാണ്. ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യാദി സർവ്വവിധങ്ങളായ സമൃദ്ധികൾക്ക് സുസ്ഥാപിതസ്ഥിതി ഉണ്ടാവണമെങ്കിൽ ഒരേ ഒരു വഴി—ഇന്ത്യയുടെ മലിനതയും ദീനതയുംപോയി പ്രകാശവും പുഷ്ടിയും ഉണ്ടാവണമെങ്കിൽ ഒരേ ഒരു മരുന്ന്—ഹിന്ദുമുസ്ലിംമൈത്രി മാത്രമാകുന്നു. ഈ പരമാർത്ഥം ഇപ്പോൾ പലരും ധരിച്ചിട്ടുണ്ടെങ്കിലും ഏതൊ ദൗർഭാഗ്യത്താൽ ഫലമൊന്നും കാണുന്നില്ല. ഇതുകൊണ്ട് ഹിന്ദുമുസ്ലിം മൈത്രിയുടെ മഹത്വം മഹാജനങ്ങൾ മനസ്സിലാക്കിയത് മതിയായിട്ടില്ലെന്നല്ലെ വ്യക്തമാകുന്നത്? അപ്പോൾ ആ സംഗതി പരക്കെബോദ്ധ്യമാക്കാനുള്ള പ്രയത്നം തുടങ്ങുവാൻ ഇനി ഒട്ടും മടിച്ചുകൂടാ. മടിച്ചാൽ തമ്മിൽതല്ലി മാദ്ധ്യസ്ഥ്യത്തിന്ന് കുരങ്ങിനെ വിളിക്കുകയാൽ അപ്പം മുഴുവനും പോയ പൂച്ചകളുടെ അനുഭവമായിരിക്കും ഫലം. കലഹിക്കുക നിമിത്തമല്ലെ ആ മരഞ്ചാടി ഇടയിൽ ചാടിവീണ് പൂച്ചകളുടെ ഉപജീവനസാധനം മുഴുവൻ മുടിച്ചത്? ഈ കഥ നമ്മളിൽ എല്ലാവരും കുട്ടിക്കാലത്ത് പഠിച്ചിട്ടുള്ളതല്ലെ? ഈ പാഠത്തിന്റെ ആവശ്യം ഗൃഹച്ഛിദ്രത്തിന്റെ ഫലം ഇന്നതെന്ന് മനസ്സിലാക്കി ആ അനർത്ഥഫലം നമ്മളെ ബാധിക്കാതെ കഴിക്കുവാൻ ശ്രദ്ധവെച്ച് പ്രവർത്തിക്കുകയാണല്ലൊ. അതുകൊണ്ട് നമ്മൾ ആ പൂച്ചകളെപ്പോലെ ഇളിഭ്യന്മാരാകരുത്. മദ്ധ്യസ്ഥനായ കുരങ്ങന്റെ ദയയെ പൂച്ചകൾ യാചിച്ചു കെഞ്ചിനോക്കി. ഫലമോ? പുച്ഛംനിറഞ്ഞ ഒരു നോട്ടം. അപ്പം സ്വാഹ! ഇതുതന്നെ നമ്മളുടെയും കഥ. നമ്മൾക്ക് ഒരു മദ്ധ്യസ്ഥനും വേണ്ട. സ്വന്തംമനസ്സാലെ തമ്മിലിണങ്ങണം. ഹിന്ദുമുസ്ലീംകളുടെ ഇടയിൽ മുളച്ചുയർന്നുവരുന്ന കലഹമരത്തിന്മേൽ മർക്കടന്മാർ കയറിക്കൂടി ഇരുകൂട്ടരേയും അതിദൂരം അകററുന്നതിനെ സമ്മതിക്കരുത്. ആ മത്സരമരത്തെ വേരോടെ പറിച്ചെടുത്ത് അകലെ കൊണ്ടുപോയി ചുട്ടുകളയണം. ഹിന്ദുമുസ്ലിം സ്നേഹബന്ധത്തെ നല്ലവണ്ണം ഉറപ്പിക്കണം—ഒന്നുകൊണ്ടും ഇളകാത്ത വിധത്തിൽ ഉറപ്പിക്കണം—അതാണ് നമ്മളുടെ കോട്ട. ഏതുവമ്പിച്ച ശത്രുസൈന്യത്തെയും ആ കോട്ട തടുത്തുനിർത്തും. അതിനെ ലവലേശം പഴുതുകൂടാതെ സുദൃഢമായി സൂ

ക്ഷിച്ചുവെച്ചാൽ മതി. നമ്മളുടെ അപ്പം പൂച്ചകളുടേതുപോലെ തിന്നാൽ ഒട്ടുങ്ങുന്നതല്ല. അപ്പം-ഉപജീവനമാർഗ്ഗം (ഇംഗ്ലീഷിലെ പ്രയോഗംപോലെ "അപ്പംസമ്പാദിക്കുക" to earn brerd എന്നു വെച്ചാൽ to gain livelihood നിത്യതയ്ക്കുള്ളത് സമ്പാദിക്കുക എന്നാണല്ലോ അർത്ഥം)ഈ ഇന്ത്യാരാജ്യമാകുന്ന ഒരപ്പം നമ്മൾ കേടുകൂടാതെ സൂക്ഷിക്കണം. അതിൽനിന്നു നമ്മൾക്കു വേണ്ടത്ര അപ്പങ്ങൾ—സകലമാന സുഖസൌകര്യങ്ങൾ—കരസ്ഥമാകും. വെറുതെ പറയുന്നതല്ല. ഇതു പരമാർത്ഥമാണെന്നു നല്ലവണ്ണം ഒന്നു ചുഴിഞ്ഞാലോചിച്ചാൽ ആർക്കും ബോദ്ധ്യമാകാതിരിക്കുകയില്ല

ഒരു സംഗതികൂടി നിങ്ങളുടെ ഗാഢമായ ആലോചനക്കു വിഷയമാകേണ്ടതുണ്ട്. ആ സംഗതി, "ഹിന്തുക്കളും മുസ്ലിംകളും തമ്മിൽ മത്സരിക്കേണ്ട ആവശ്യം എന്താണ്" എന്നതാകുന്നു. ഈ രണ്ടുകൂട്ടരുടെയും മതങ്ങൾ പരസ്പരവിരുദ്ധങ്ങളാണെന്നാണോ ധാരണ? ആണെങ്കിൽ അതു തെററാണ്. ഇതു വലിയ അബദ്ധം വേറെ ഒന്നുമില്ല. രണ്ടുമതങ്ങളിലും കാണുന്ന തത്വങ്ങളെ നല്ലവണ്ണം പരിശോധിച്ചു നോക്കുവിൻ. സത്യനിഷ്ഠ, ഭൂതദയ, പരോപകാരതൽപരത മുതലായ സദ്ഗുണങ്ങളേയാണ് സകല മതങ്ങളും ശ്ലാഘിക്കുന്നത്. "ഇങ്ങോട്ട്. കഠിനദ്രോഹം ചെയ്യുവർക്കുകൂടി അങ്ങോട്ടു കഴിയുന്നവിധം എല്ലാ ഉപകാരങ്ങളും ചെയ്യണം." എന്നു ഇസ്ലാംമതപുസ്തകങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ട്. ഇതു ക്രിസ്തുമതവും സമ്മതിക്കുമെന്നതു നിസ്തർക്കമായ സംഗതിയാണ്. ഹിന്തുമതത്തിന്നു പരമസമ്മതമാണെന്നു തീർച്ചതന്നെ. ഹിന്തുമതസർവ്വസ്വസാരമായ ഭഗവദ്ഗീതയിൽ ഓരോ അക്ഷരത്തേയും പ്രത്യേകം പ്രത്യേകം പരിശോധിച്ചാലും ഒരു മതത്തിനെ പ്രത്യേകം ശ്ലാഘിക്കുന്നതായോ മററു മതങ്ങളെ ആക്ഷേപിക്കുന്നതായോ കാണുകയില്ല. മനുഷ്യസമുദായത്തിന്നാകമാനം ഗുണകരമായ ഒരു മതം മാത്രമാണതിലുള്ളത്. ഭാഷാഭേദംകൊണ്ടു ഈശ്വരനെ നിർദ്ദേശിക്കുന്ന ശബ്ദം വ്യത്യാസപ്പെട്ടിരിക്കുമെന്നതു വാസ്തവംതന്നെ. പക്ഷെ അതുകൊണ്ടു വസ്തു ഒന്നല്ലാതെ വരുമൊ? ജലം, പാനി, നീള്ളു, വെള്ളം എന്നിങ്ങിനെ സംസ്കൃതം, ഹിന്ദി, തെലുങ്ക്, മലയാളം ഈ ഭാഷകളിൽ പറയുന്ന സാധനം ഒന്നുതന്നെയല്ലെ? "എനിക്കു നീള്ളുതന്നെ വേണം. പാനി ഞാൻ കുടിക്കുകയില്ല" എന്നു ഒരു തെലുങ്കൻ ശഠിക്കുന്നതായാൽ ചിരിക്കാതിരിക്കുവാൻ പ്രയാസമല്ലെ? ഇതുപോലെതന്നെയാണ് ഈശ്വരനെ നിമിത്തമാക്കി മതംകൊണ്ട് തമ്മിൽതല്ലുന്നതും. പക്ഷെ ഇവിടെചിരിയല്ല, കരച്ചിലാണ് ഒരു സ്വരാജ്യസ്നേഹിക്കുണ്ടാവുക. തൻെറ തലയിൽതാൻതന്നെ ചളിവാരി എറിഞ്ഞ് പരപരിഹാസത്തിന്ന് പാത്രമായിത്തീരുന്ന ആ പ്രവൃത്തി സൂക്ഷ്മദൃക്കായ ഏതൊരാൾക്കും മർമ്മഭേദകം തന്നെയാണ്. സകലത്തിൻേറയും നിയാമകനായി സർവ്വശക്തനായിട്ട് ഒരു ദൈവം ഉണ്ടെന്നത് പ്രായേണ എല്ലാ മതത്തിന്നും സമ്മതമാണ്. ദേശം, ഭാഷ മുതലായവയുടെ ഭേദംകൊണ്ട് നടവടികൾക്ക് വ്യത്യാസമുണ്ടായിരിക്കും അത് കലഹിക്കുവാൻ കാരണമാകുന്നില്ല. നമ്മൾ—ഹിന്തുക്കളും മുസ്ലിംകളും ക്രിസ്ത്യന്മാരും മറെറല്ലാ ഇന്ത്യാനിവാസികളും—ഏകോദരസഹോദരന്മാരാണ്. അതെ ഭാരതാവനിയാകുന്ന ഒരേ ഒരമ്മയുടെ സന്താനങ്ങളാണ്. ഗൃഹച്ഛിദ്രദോഷം നമ്മളെ ബാധിക്കരുത്. മാതൃഭൂമിയുടെ സൽക്കീർത്തിയെ നിലനിർത്താനായി ഒത്തിണങ്ങി പ്രയ

ത്നിക്കണം. ഇതിന്നിനി ഒട്ടും തന്നെ താമസിക്കരുതേ. ഇപ്പോൾ തന്നെ ഭാരതാംബയുടെ പാരവശ്യം അന്ത്യാഗ്രമായിരിക്കുന്നു. ഇനിയും അധഃപതിക്കുന്നതിന്നു മുമ്പായി നല്ലവണ്ണം ഉണർന്ന് ഊർജ്ജിതമായി പ്രവർത്തിക്കണേ. എന്റെ പ്രിയ സഹോദരന്മാരേ! മുസ്ലിംകളേ! ഹിന്ദുക്കളേ! ഒരു നിമിഷവും താമസിക്കാതെ ഇറങ്ങി പ്രയത്നിക്കണേ. നമ്മളുടെ മാതൃഭൂമിയുടെ മഹത്വത്തെ പുലർത്തുവാൻ-കോടിക്കണക്കായി കഷ്ടപ്പെടുന്നവരുടെ സംരക്ഷിക്കാൻ-താമസലേശം കൂടാതെ പ്രയത്നിക്കുവാൻ സന്നദ്ധരാകേണമേ എന്ന് ഒരിക്കൽ കൂടി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അതെ, നിങ്ങൾ ഗംഭീരമായി പുതുവത്സരം ആഘോഷിക്കുന്നു. എന്നാൽ വിദേശങ്ങളിൽ ജോലി ചെയ്യുന്ന സൈന്യങ്ങളോ?

ഗവർണ്ണറുടെ സുഖക്ഷേമഫണ്ടിൽ സംഭാവന ചെയ്തുകൊണ്ട്,

ശത്രുരാജ്യങ്ങൾ കീഴടക്കുന്ന കർത്തവ്യത്തിൽ ഏർപ്പെട്ടവർക്കും പുതുവത്സരം സുഖപ്രദമാക്കേണ്ടതു് നിങ്ങളുടെ കടമയാണ്.

നിങ്ങളുടെ സംഭാവന താഴെചേർത്ത മേൽവിലാസത്തിൽ അയക്കുക:—

To

THE HONORARY TREASURER,
H. E. The Governor's Amenities & Relief Fund
C/o Imperial Banky India,
First Line Beach,
MADRAS.

കുറിപ്പുകൾ

പുതുവർഷം

നവവത്സരാരംഭത്തിൽ കഴിഞ്ഞവർഷത്തിലേക്കു തിരിഞ്ഞുനോക്കുന്നതു് സ്വാഭാവികമാണ്. ലോകത്തെ മുഴുവൻ അവർണ്ണനീയമായ ദുരിതത്തിലാഴ്ത്തിയ മഹായുദ്ധം കഴിഞ്ഞ വർഷം അവസാനിച്ചു. തന്നിമിത്തം ലോകം ആശ്വാസത്തിന്റെ നെടുവീർപ്പുവിട്ടു. ഇന്നു് ഐക്യരാഷ്ട്രങ്ങൾക്ക് ഏററവും വലിയ വിഷമപ്രശ്നമായിത്തീർന്നിരിക്കുന്ന ആററംബോമ്പ അവതരിച്ചതും കഴിഞ്ഞവർഷത്തിൽതന്നെ. പൗരസ്ത്യമേഖലയിലെ അധിരാജനായി സഖ്യശക്തികളെ കിടുകിടെവിറപ്പിച്ചുകൊണ്ടിരുന്ന ജപ്പാൻ പ്രസ്തുത വർഷത്തിൽ കീഴടങ്ങി; സ്വേച്ഛാധിപനായ ഹിററ്ലർ ആത്മഹത്യചെയ്തു; അതോടുകൂടിത്തന്നെ അയാൾ മനോരാജ്യത്തിൽ കെട്ടിച്ചമച്ച ഫാഷിസ്റ്റ് സാമ്രാജ്യവും തവിടുപൊടിയായി; അമേരിക്കയെ അപ്രതിരോദ്ധ്യമായ ഒരു മഹാശക്തിയാക്കിത്തീർത്ത നയോപായചതുരനായ റൂസ്‌വെൽററും നിര്യാതനായി

മഹായുദ്ധം അവസാനിച്ചുവെങ്കിലും ചൈനയിൽ ഗവമ്മെൻറും കമ്മ്യൂണിസ്റ്റ്കാരും തമ്മിൽ ആഭ്യന്തരസമരം ആരംഭിച്ചു. ഇൻഡോചൈനയിലെയും ജാവയിലെയും ഊർജ്ജസ്വലരായ ദേശാഭിമാനികൾ സാമ്രാജ്യശക്തികൾക്കെതിരായി അത്ഭുതാവഹമായരീതിയിൽ പ്രതിരോധം തുടങ്ങി. ഏഷ്യയുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന സ്വാതന്ത്ര്യാഭിലാഷവും ധീരതയുമാണ് ഇൻഡോനേഷ്യയിൽ പ്രകടമായിക്കൊണ്ടിരിക്കുന്നതു്.

ബ്രിട്ടനിൽ തൊഴിലാളിക്കക്ഷി അധികാരമേറെറടുത്തതും കഴിഞ്ഞവർഷത്തിലാണു്. ഇന്ത്യയെപ്പോലുള്ള അടിമരാജ്യങ്ങൾ ചർച്ചിലിന്റെയും അമെറിയുടെയും പതനത്തിൽ സന്തോഷിച്ചു എങ്കിലും തൊഴിലാളിഗവമ്മെൻറിന്റെ നയം ഇതേവരെ സ്വാഗതാർഹമായിത്തീർന്നിട്ടില്ല.

യൂറോപ്പിലെ യുദ്ധം അവസാനിച്ചതോടുകൂടി പല യൂറോപ്യൻ രാജ്യങ്ങളിലെയും മദ്ധ്യപൗരസ്ത്യപ്രദേശത്തെയും സ്ഥിതിഗതികൾ മുഴുവൻ വ്യത്യാസപ്പെട്ടു. യഹൂദന്മാർ പലസ്തീനിൽ തള്ളിക്കയറുവാൻ തുടങ്ങി. അറബിലോകത്തെ മുഴുവൻ അസ്വസ്ഥമാക്കിയ പ്രസ്തുത സംഭവവികാസത്തിനു് പരിഹാരം കാണുവാൻ യഹൂദന്മാർക്കോ അറബികൾക്കോ സഖ്യമഹാശക്തികൾക്കോ സാധിച്ചിട്ടില്ല. അമേരിക്ക പരിപൂർണ്ണമായി യഹൂദന്മാരെ പിന്താങ്ങുന്നു. അറബികളെയും യഹൂദന്മാരെയും പ്രീതിപ്പെടുത്തുവാൻ സാഹചര്യങ്ങളാൽ നിർബ്ബന്ധിതമായിരിക്കുന്ന ബ്രിട്ടീഷ്ഗവമ്മെൻറ് വല്ലാതെ വിഷമിക്കുന്നു. യാഥാസ്ഥിതികഗവമ്മെൻറ് തൊഴിലാളിഗവമ്മെൻറിനു് പിന്തുടർച്ചാവകാശമായി നൽകിയ "കീറാമുട്ടി"കളിൽ ഒന്നാണു് പലസ്തീൻപ്രശ്നം. യൂഗോസ്ലാവ്യയിലെ പീററർ രാജാവു് കഴിഞ്ഞവർഷത്തിൽ പീററർ ആയിത്തീർന്നു. അദ്ദേഹം അധികാരം നഷ്ടപ്പെട്ടവനായി വഴിപോക്കന്റെ മാതിരി ലണ്ടനിലെ ഒരു ഹോട്ടലിൽ താമസിക്കുന്നു. യൂറോപ്പിലെ മിക്ക രാജാക്കന്മാരുടെയും ഭാവി ഇതിൽനിന്നും വ്യത്യസ്തമല്ലായിരിക്കും.

ജപ്പാന്റെനേരെയും ജർമ്മനിയുടെ നേരെയും ഇന്ത്യ യുദ്ധം പ്രഖ്യാപിച്ചിരുന്നല്ലോ. യുദ്ധം അവസാനിച്ചുവെങ്കിലും, മററുള്ള രാജ്യങ്ങൾ യുദ്ധാനന്തര പുനഃസംവിധാന നടപടികൾ ആരംഭിച്ചുവെന്നു വരികിലും ഇ

ന്ത്യയിൽ സ്ഥിതിഗതികൾ വളരെ വ്യത്യാസപ്പെട്ടിട്ടില്ല. രാജ്യരക്ഷാനിയമം ഇപ്പോഴും നിലവിലിരിക്കുന്നു. നിയന്ത്രണങ്ങളും പലവിധത്തിൽ നിലവിലിരിക്കുന്നു. ഭക്ഷണവസ്ത്രക്ഷാമവും ഇപ്പോഴുമുണ്ട്. സാധനങ്ങളുടെ വില കൂടുകയല്ലാതെ കുറഞ്ഞിട്ടില്ല.

രാഷ്ട്രീയമായി നോക്കിയാൽ ഇന്ത്യയിൽ അഭൂതപൂർവ്വമായ ഒരുണർവ്വ് പ്രത്യക്ഷമായിട്ടുണ്ടെന്ന് കാണാവുന്നതാണ്. മുസ്ലീംലീഗ് ഇന്ത്യയിലെ മുസ്ലീംകളിൽ വമ്പിച്ച ഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന സംഘടനയാണെന്ന് കഴിഞ്ഞവർഷം അവസാനിച്ചതോടുകൂടി ലോകം മനസ്സിലാക്കിക്കഴിഞ്ഞു. കോൺഗ്രസ്സ് അമുസ്ലീംകളുടെ ഏററവും വമ്പിച്ച സംഘടനയെന്ന വിധത്തിൽ രൂപാന്തരപ്പെട്ടിരിക്കുന്നു. അടുത്തഭാവിയിൽ കോൺഗ്രസ്സും മുസ്ലീംലീഗും തമ്മിൽ യോജിച്ച് ബ്രിട്ടനോട് സ്വാതന്ത്ര്യം ആവശ്യപ്പെട്ടേയ്ക്കാം. പാർലിമെണ്ടറി ഡലിഗേഷനെ ഇന്ത്യയിലേക്ക് അയച്ചിട്ടുള്ളതിന്റെ ഉദ്ദേശശുദ്ധിയെപ്പററി ഇവിടെ നിരൂപണം ചെയ്യണമെന്ന് വിചാരിക്കുന്നില്ല എങ്കിലും, ഒരുപക്ഷെ, പാർലിമെണ്ടറി സംഘവും ഇന്ത്യൻനേതാക്കളും തമ്മിൽ നടത്തുന്ന സംഭാഷണങ്ങൾ കൂടുതൽ സൗഹാർദ്ദമായ ഒരു രാഷ്ട്രീയാന്തരീക്ഷത്തെ സൃഷ്ടിക്കുവാൻ ഇടയുണ്ട്.

ഇന്ത്യയുടെയും പൗരസ്ത്യരാജ്യങ്ങളുടെയും മദ്ധ്യപൗരസ്ത്യപ്രദേശത്തിന്റെയും ഭാവിയെ നിർണ്ണയിക്കുന്ന വർഷം 1946 ആണ്.

വായനക്കാരോട്

കടലാസു നിയന്ത്രണകല്പനയ്ക്കുശേഷം റവ്യൂവിന്റെ പ്രസിദ്ധീകരണം ഒന്നും രണ്ടും മാസങ്ങൾ താമസിച്ചാണ് നടന്നുവരുന്നത്. ഇങ്ങനെ താമസിച്ച പ്രസിദ്ധമാകുന്നതുകൊണ്ട്, അന്നന്നത്തെ കാര്യങ്ങളെ കുറിച്ച് വിമർശിപ്പാൻ സൗകര്യമില്ലാതെ പോകുന്നതോടെ തപ്പാൽവകുപ്പുമായും പരസ്യക്കാരുമായുമുള്ള പ്രവർത്തനത്തിനു ക്ലേശങ്ങൾ നേരിടുകയും ചെയ്യുന്നു. അതുകൊണ്ട് ഈ വർഷം മുതൽ മാസികയുടെ ലക്കം തുടർന്ന നമ്പറിലാണെങ്കിലും തിയ്യതി മാററിയിരിക്കുന്നു. ലക്കം തുടർന്നുവരുന്നതുകൊണ്ട് വരിക്കാർക്ക് ഇതു സംബന്ധിച്ച ബുദ്ധിമുട്ടൊന്നുമുണ്ടാകുന്നതല്ല. റവ്യൂവിന്റെ അനുഭാവികൾ തങ്ങളുടെ പ്രോത്സാഹനം തുടർന്നു നൽകിക്കൊണ്ടിരിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു. വായനശാലക്കാർക്കെല്ലാം പുതുവത്സരാശംസകൾ നേരുകയും ചെയ്യുന്നു.

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാല്പത്തീരാണ്ടുകാലമായി വൈദ്യരത്നം പി. എസ്സ്. വാരിയരവർകൾ "ആയുർവ്വേദ"ത്തിന്റെ അഥവാ "ആര്യവൈദ്യ"ത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നതിന്റെ എത്രയും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കേണ്ടതിലേക്ക് വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലായ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്കു കൂടുതൽ സൌകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതിയറിയിച്ചാൽ യാതൊരു പ്രതിഫലവും കൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽത്തന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

അതാണ് ഇവർക്ക്
സമ്പൂർണ്ണാരോഗ്യം
നൽകി
ഞങ്ങളുടെ ജീവിതം
സന്തോഷ
സന്ദായകമാക്കിയത്.

കേസരികുടീരം ലിമിറ്റഡ്, മദിരാശി.

മലബാർ, കൊച്ചി, തിരുവിതാംകൂർ, തെക്കൻ കർണ്ണാടകം
മുതലായ ദിക്കുകളിലേക്കു ഏജണ്ടുമാർ :—
കൊച്ചിൻ മെഡിക്കൽ സ്റ്റോർസ്, തൃശ്ശിവപേരൂർ.



ശംഖ്മാക്ക്

കൈത്തറി ലുങ്കികൾ, ഷട്ടി
ങ്ങു, കൈലേസുകൾമുതലായ
വ മാർദ്ദവമുള്ളതും ധരിപ്പാൻ
സുഖകരവും, ഭംഗിയിൽ നിർമ്മി
തവുമാണ്.

MOHAMED ABOOBACKER & CO.

YARN & HAND LOOM PRODUCTS MERCHANTS
PHONE. 4477 - GRAMS "KYLEKING"
95. THAMBU CHETTY ST. - G.T. MADRAS.

Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA

&

Telegrams: "CHANKMARK"
DOOR No. 84.
East Veli Street, MADURA.

മുഹമ്മദ് അബൂബെക്കർ & കമ്പനി.

84 ഈസ്റ്റ് വെളിസ്റ്റ്റീറ്റ്, മധുര.